പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3507

30-01-2014ലെ മറുപടിയ്ക്ക്

## പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമനം

ചോദ്യം
ശ്രീ. ബി. സത്യൻ

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) 05.07.1967-ലെ ജി.ഒ. (പി) നം.208 നമ്പർ ഉത്തരവിലെ റൂൾ 5A (a),(b) എന്നിവ 28.02.2011-ലെ ജി.ഒ. (പി). നം. 65/2011/ ജി.എ.ഡി. നമ്പർ ഉത്തരവിൽ ഒഴിവാക്കിയിട്ടുണ്ടോ; ഇപ്പോൾ പഴയ റൂൾ പ്രകാരമാണോ പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തിക മാറ്റം വഴി അസിസ്റ്റന്റായി നിയമനം നൽകുന്നത് വിശദമാക്കുമോ;

(ബി) 28.2.2011-ലെ ജി.ഒ. (പി). നം.65/2011/ ജി.എ.ഡി നമ്പർ ഉത്തരവിന് ശേഷം പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തിക മാറ്റം വഴി അസിസ്റ്റന്റായി നിയമനം മാറുന്നതിന് അസിസ്റ്റന്റ് കേഡർ സ്റ്റെങ്ത്തിന്റെ 20 ശതമാനത്തിന്റെ മൂന്നിൽ രണ്ട് ഒഴിവിലേയ്ക്കാണോ തസ്തിക മാറ്റ നിയമനം നൽകുന്നത് ; ഇതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ ;

(സി) 25.03.2006-ന് ശേഷം പൊതുഭരണ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ടൈപ്പിസ്റ്റുമാർക്ക് 17.03.2007 ലെ ജി.ഒ. (പി). നം.199/2007/ ജി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമനത്തിന് നീക്കി വച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയാണ്;

(എ) (ബി) & (സി)

05.07.1967-ലെ ജി.ഒ.(പി).208 നമ്പറായി പ്രസിദ്ധീകരിച്ച കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ 28.2.2011-ലെ ജി.ഒ. (പി). നം.65/11/പൊഭവ നം. ഉത്തരവു പ്രകാരം (എസ്.ആർ.ഒ. നം. 188/2011) വരുത്തിയ ഭേദഗതിയിലൂടെ, പ്രസ്തുത സ്പെഷ്യൽ റൂൾസിലെ 5 A (a), (b) എന്നീ ചട്ടങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. 25.03.2006-ലെ ജി.ഒ. (പി). നം.145/06/ഫിൻ നം. ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് ഗ്രേഡ്-II, അസിസ്റ്റന്റ് ഗ്രേഡ് I എന്നീ തസ്തികകൾ സംയോജിപ്പിച്ച് അസിസ്റ്റന്റ് എന്നാക്കിയതിനെ തുടർന്നാണിത്. ഇക്കാരണത്താൽ പൊതുഭരണ വകുപ്പിൽ 25.03.2006 ന് മുൻപും പിൻപും ജോലിയിൽ പ്രവേശിച്ച ടൈപ്പിസ്റ്റ് /സി.എ. മാർക്ക് തസ്തികമാറ്റത്തിന് വ്യത്യസ്ത നിയമങ്ങളാണ്. അതനുസരിച്ച് 25.03.06 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റ് /സി.എ. മാർക്ക് അസിസ്റ്റന്റിൽ ഒഴിവു വരുന്ന ഓരോ ആറാമത്തെ ഒഴിവിലും 1:1 എന്ന അനുപാതത്തിൽ അസിസ്റ്റന്റായി തസ്തികമാറ്റത്തിലൂടെ നിയമനം നൽകി വരുന്നു. എന്നാൽ 25.03.2006 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റുമാർക്ക് തസ്തികമാറ്റം നല്കുന്നത് 17.03.2007 ലെ GO (P)/199/07/GAD നം. ഉത്തരവ് പ്രകാരമാണ്. ഈ ഉത്തരവനുസരിച്ച് അസിസ്റ്റന്റ് കേഡർ സ്റ്റെങ്ത്തിന്റെ ഇരുപത് ശതമാനമാണ്

....2

സി.എ. മാരുടെയും, ടൈപ്പിസ്റ്റുമാരുടെയും തസ്തികമാറ്റത്തിനായി നീക്കി വയ്ക്കേണ്ടത്. 25.03.2006 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റുമാരിൽ ചിലർ തസ്തികമാറ്റത്തിലൂടെ അസിസ്റ്റന്റായി മാറാനുള്ളവരുടെ ലിസ്റ്റിൽ ഇപ്പോഴും ഉള്ളതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മുഴുവൻ നിയമനം നൽകിയശേഷമേ 25.03.2006-ന് ശേഷം സർവ്വീസിൽ വന്നവർക്ക് നിയമനം നൽകാൻ കഴിയൂ. മേൽ പ്രസ്താവിച്ച ഉത്തരവ് പ്രകാരം ഏകദേശം 75 അസിസ്റ്റന്റ് തസ്തികകൾ 2:1 എന്ന അനുപാതത്തിൽ ടൈപ്പിസ്റ്റുമാർക്കും സി.എ. മാർക്കുമായി നീക്കിവയ്ക്കേണ്ടിവരും.

(ഡി) 24.03.2011 മുതൽ 31.12.2013 വരെ പൊതുഭരണ സെക്രട്ടേറിയറ്റിൽ പി.എസ്.സി. മുഖേനയല്ലാതെ അസിസ്റ്റന്റ് ജോലിയിൽ പ്രവേശിച്ചവരുടെ പേരും, ജനന തീയതിയും, നിയമനരീതിയും (തസ്തികമാറ്റം, സി.ഇ.എസ്., ഐ.ഡി.റ്റി, ഐ.ഡി.എം.റ്റി, സ്പോർട്സ് തുടങ്ങിയവ) ഉത്തരവ് തീയതിയും പ്രവേശന തീയതിയും സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ ;

ഡി) അനുബന്ധം 1 (a),(b) എന്നിവ ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ഇ) പൊതുഭരണ (സർവ്വീസസ്-എ) വകുപ്പിന്റെ 59116/എസ്.എ1 /2013/പൊ.ഭ.വ. നമ്പർ ഫയലിൻമേൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഇ) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.1986/13 ലെ ഉത്തരവാണ് 59116/SA1/13/GAD നം. ഫയലിൽ പരിശോധിച്ച് വരുന്നത്. ട്രൈബ്യൂണൽ നിരദ്ദേശമനുസരിച്ച് പരാതിക്കാരെ സർക്കാർ 07.12.2013 തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി. ഇതിന്മേലുള്ള തീരുമാനം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ കൈക്കൊള്ളുന്നതുമാണ്.

(എഫ്) 13.01.2007 മുതൽ 31.12.2013 വരെ പൊതുഭരണ വകുപ്പ് മുഖേനയും, ഐ.ഡി.റ്റി. മുഖേനയും, ഐ.ഡി.എം.റ്റി. മുഖേനയും അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചവരുടെ പേരും ഉത്തരവ് നമ്പരും വേർതിരിച്ച് വ്യക്തമാക്കാമോ?

എഫ്) പൊതുഭരണ വകുപ്പ് മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുന്നില്ല. ഐ.ഡി.റ്റി., ഐ.ഡി.എം.റ്റി മുഖേന ജോലിയിൽ പ്രവേശിച്ചവരുടെ ലിസ്റ്റ് അനുബന്ധം 2 (a), (b) ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3513 30.01.2014- ലെ മറുപടിക്ക്

### സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ:<br>" ഡൊമിനിക് പ്രസന്റേഷൻ:<br>" കെ. ശിവദാസൻ നായർ:<br>" പി. സി. വിഷ്ണുനാഥ്: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരിൽ കഴിവും സാമർത്ഥ്യവും ഉള്ളവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രത്യേക സംവിധാനത്തിന് രൂപം നല്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സർവ്വീസിൽ നിന്ന് വിരമിച്ച വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരുടെ കൺസോർഷ്യം ഉണ്ടാക്കി PPP വ്യവസ്ഥ പ്രകാരമുള്ള ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) വിരമിച്ച ഉദ്യോഗസ്ഥരുടെ വൈദഗ്ധ്യം വിവിധ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉപയോഗിച്ച് കേരള വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുക എന്നതാണ് കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) ഏതെല്ലാം മേഖലകളിൽ നിന്നും വിരമിച്ചവരെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്; വിശദമാക്കുമോ; | (സി) രൂപീകരിക്കപ്പെടുന്ന കമ്പനിയുടെ നിയമാവലിക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിന് സന്നദ്ധതയുള്ള വിരമിച്ച ഏതൊരാൾക്കും ഇതിന്റെ ഭാഗമാകാവുന്നതാണ്. |
| (ഡി) പ്രസ്തുത സംവിധാനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) ഈ സംവിധാനം പ്രാവർത്തികമാക്കുന്നതിന് 'കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഫോർ ഡെവലപ്പ്മെന്റ്' എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

സെക്ഷൻ ഓഫീസർ.

**GOVERNMENT OF KERALA**

Abstract

Planning & Economic Affairs Department - Effective Use of Expertise of Retired Officials in Kerala - forming of Consortium of Retired Experts for Development' (CRED) as a Company -approved - Orders Issued.

**PLANNING & ECONOMIC AFFAIRS (A) DEPARTMENT**

G.O. (MS) No.38/2013/Plg Thiruvananthapuram, Dated : 26.07.2013

Read: - 1. G.O (Rt) No. 265/12/Plg. Dated 5.7.2012.
2. Review Meeting held by the Chief Minister on 18.01.2013.

## ORDER

"Effective Use of Expertise of Retired Officials in Kerala", is one of the ten areas identified under the "CM - Sam Pitroda initiatives" for the development of Kerala. The Subcommittee constituted as per G. O. read as 1st paper above under the Chairmanship of Principal Secretary, Planning and Economic Affairs Department prepared a business plan for the effective use of expertise of Retired Officials in Kerala.

2. Government are pleased to approve the proposal for Effective Use of Expertise of Retired Officials in Kerala. For this purpose a Company in Public Private Participation mode (26% Public share) viz: the 'Consortium of Retired Experts for Development' (CRED) will be established. This company will provide a platform to mobilize and supply the expertise of the retired employees from the Government as well as non-Government sector, above 56 years of age, for building capacity and delivering value added services to all development sectors and providing the retired employees productive employment.

3. The main source of human resource and financial resource for the Company will be the retired employees. The Company would mobilize capital by selling shares to Government (26%) as well as to retired employees. The Government share is meant for seed money and there is no other financial commitment by Government.

4. The Company will have a Board of Directors not exceeding nine with Minister for Planning as Chairman. The Secretary, Planning and Economic Affairs shall be the Vice -Chairman. Seven experts from diverse fields will be elected to the Board of Directors. There will not be any permanent post in the Company. A retired person from the State Government service, with vision, creativity and social commitment, shall be appointed as the Managing Director of the Company.

By Order of the Governor,

RACHNA SHAH,

SECRETARY TO GOVERNMENT.

To

The Member Secretary, State Planning Board, Thiruvananthapuram.
The Principal Secretary, Finance.
The Accountant General (A&E)/(Audit), Thiruvananthapuram.
The Finance Department. (Vide U.O (f) No. 35760/Exp.A3/13/Fin.)
The General Administration (SC) Department (Vide Item No. 3951 dated: 24.07.13)

Copy to :-
P.S to Chief Minister & all other Ministers
A.S to Chief Secretary
P.A to Secretary (Planning)
C.A to Additional Secretary (Planning)
Director, I & PRD
Planning & Economic Affairs (CPMU) Department
Stock File/Office Copy.

**Forwarded/By Order,**

**Section Officer.**

## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3515 — 30.01.2014 ലെ മറുപടിയ്ക്ക്

### കായികതാരങ്ങളുടെ തൊഴിൽസാധ്യത

ചോദ്യം — ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| (എ) ദേശീയ-സംസ്ഥാനതലങ്ങളിൽ കായിക മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള കായികതാരങ്ങളിൽ പലരും ജോലിയില്ലാതെ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;<br><br>(ബി) ഇവർക്കുള്ള തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) ആന്റ് (ബി)<br>കായികതാരങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം നിലവിൽ ഒരു വർഷം 50 കായികതാരങ്ങൾക്ക് സർക്കാർ സർവീസിൽ വിവിധ തസ്തികകളിൽ നിയമനം നൽകുന്നുണ്ട്. ഇതുകൂടാതെ, കായിക താരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷകളിൽ അവരുടെ നേട്ടങ്ങൾക്ക് ആനുപാതികമായി പരമാവധി 30 ശതമാനം വരെ ഗ്രേസ് മാർക്കും നൽകുന്നുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) പൊതുഭരണ വകുപ്പിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 112 കായിക താരങ്ങൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>കായിക യുവജനകാര്യ വകുപ്പിൽ നിന്നുമുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3516

30.01.2014 ൽ
മറുപടിയ്ക്ക്

വയനാട് ജില്ലയിൽ സർക്കാർ ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതി

| ചോദ്യം<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ ; | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | സർക്കാർ ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | സർക്കാർ ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകന യോഗങ്ങൾ നടത്തി, സ്ഥിതി വിവരക്കണക്ക് പരിശോധിച്ച് വിലയിരുത്തി വരുന്നുണ്ട്. |
| ബി) | വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ ; | | (ബി), (സി), (ഡി)<br><br>ജില്ലയിലാകെ 1,83,155 (ആകെയുള്ള 204097 ഗുണഭോക്താക്കളുടെ 89.7%) ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിൽ വിവരങ്ങൾ തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ജില്ലയിലെ എത്ര ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട് എന്നതിന്റെ താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ ; | | |
| ഡി) | ഏതെല്ലാം സേവനങ്ങൾ ഇപ്പോൾ ബാങ്ക് വഴി നല്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

# DBT-Readiness Report in Waynad District 24-01-14

| Sl. No. | Name of Scheme | Total No. Of beneficiaries | No. of Aadhaar seeded | | No. of Bank Account linked | | Total No. with both Aadhaar & Bank account linked | | Remarks |
|---|---|---|---|---|---|---|---|---|---|
| i | ii | iii | iv | % | v | % | vi | % | vii |
| 1 | Post Matric Scholarship For SC Students | 2466 | 2069 | 83.9 | 2303 | 93.4 | 2069 | 83.9 | |
| 2 | Pre Matric Scholarship For SC Students | 1156 | 1035 | 89.5 | 1156 | 100 | 1035 | 89.5 | |
| 3 | Post Matric Scholarship For OBCs | 7760 | 6335 | 81.6 | 7112 | 91.6 | 6335 | 81.6 | |
| 4 | National Means Cum Merit Scholarship | 303 | 291 | 96 | 300 | 99 | 291 | 96 | |
| 5 | National Schemes for Incentive for the Girls Child for Secondary Education | 1067 | 935 | 87.6 | 1011 | 94.8 | 935 | 87.6 | |
| 6 | Post Matric Scholarship For ST | 3892 | 3188 | 81.9 | 3529 | 90.7 | 3188 | 81.9 | |
| 7 | Merit Cum Mean Scholarship Scheme | 113 | 113 | 100 | 113 | 100 | 113 | 100 | |
| 8 | Post Matric Scholarship Scheme (for minority students) | 4870 | 4518 | 92.8 | 4800 | 98.6 | 4518 | 92.8 | |
| 9 | Janani Suraksha Yojana | 1199 | 624 | 52 | 540 | 45 | 540 | 45 | |
| 10 | Indira Gandhi National Old Age Pension Scheme | 7171 | 5956 | 83.1 | 6974 | 97.3 | 5956 | 83.1 | Figure in Column(v) includes bank a/c 711, Post office savings a/c 5700 and eMO option:563 |
| 11 | Indira Gandhi National Widow Pension Scheme | 22558 | 19988 | 88.6 | 22257 | 98.7 | 19988 | 88.6 | Figure in Column(v) includes bank a/c 2201, Post office savings a/c 19354 and eMO option:702 |
| 12 | Indira Gandhi National Disability Pension Scheme | 6117 | 4851 | 79.3 | 5843 | 95.5 | 4851 | 79.3 | Figure in Column(v) includes bank a/c 740, Post office savings a/c 4504 and eMO option:599 |
| 13 | LPG Subsidy | 145425 | 133252 | 92 | 130032 | 89.4 | 130032 | 89.4 | |
| | TOTAL | 204097 | 183155 | 89.7 | 185970 | 91.1 | 179851 | 88.1 | |

Section officer

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3524 — 30.01.2014 ന് മറുപടിക്ക്

### ഭാഷാ ന്യൂനപക്ഷങ്ങളെ മലയാള ഭാഷാ പരിജ്ഞാനം നിർബന്ധമാക്കുന്നതിൽ ഇളവ് അനുവദിക്കുന്നതിന്

ചോദ്യം — ഉത്തരം

ശ്രീ. എം. ഹംസ — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ജോലിക്ക് അപേക്ഷിക്കുന്നതിന് മലയാളഭാഷാ പരിജ്ഞാനം നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇല്ല. 19.10.2013 ലെ സ.ഉ(കൈ) നം.29/2013/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പത്താം ക്ലാസ് വരെയോ അല്ലെങ്കിൽ പ്ലസ് 2/ബിരുദതലത്തിലോ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥർ എൻട്രി കേഡറിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മലയാളം മിഷന്റെ കീഴിലുള്ള ഭാഷാ പഠനത്തിന്റെ ഭാഗമായി സീനിയർ ഹയർ ഡിപ്ലോമാ പരീക്ഷയുടെ നിലവാരത്തിന് തുല്ല്യമായ പരീക്ഷ വിജയിക്കേണ്ടതാണ്. സ്റ്റാറ്റ്യൂട്ടറി റൂൾ ആയ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958, പാർട്ട്-II , റൂൾ 10 (എഎഎഎ) യിൽ ഭാഷാ ന്യൂനപക്ഷങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ മലയാള ഭാഷാ പരിജ്ഞാനം |

| | | | |
|---|---|---|---|
| | | | നേടിയിരിയ്ക്കണം എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികൾക്കായി സെക്കന്റ് ക്ലാസ് ലാഗ്വേജ് ടെസ്റ്റ് കമ്മീഷൻ നടത്തുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് താമസിച്ചു വരുന്ന ഭാഷാന്യൂനപക്ഷങ്ങളെ മലയാളം അറിയണം എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) | തമിഴ്, കന്നഡ എന്നിവ പ്രാദേശിക ഭാഷ ആയി എസ്.എസ്.എൽ.സി പാസാകുന്നവരെ പ്രസ്തുത നിബന്ധനയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | (സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3527 — 30-01-2014-ന് മറുപടി നല്കേണ്ടത്

**സർക്കാർ വകുപ്പുകളിലെ വാഹനങ്ങളുടെ കണക്ക്**

**ചോദ്യം**

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പു കളിലായി നിലവിൽ എത്ര വാഹനങ്ങളു ണ്ടെന്ന് വകുപ്പ്, ഇനം, പാസ്സഞ്ചർ കപ്പാസിറ്റി എന്നിവ തിരിച്ച് കണക്ക് ലഭ്യ മാക്കാമോ ; | **(എ)** യും **(ബി)** യും **(സി)** യും | വിവരം ശേഖരിച്ചുവരുന്നു |
| (ബി) | ഇതിനുപുറമെ ഏതൊക്കെ വകുപ്പിൽ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; 2013-ൽ പ്രസ്തുത ഇന ത്തിൽ ഓരോ വകുപ്പും വാടകയ്ക്കെടുത്ത വാഹനങ്ങളുടെ എണ്ണം, ഇനം, നല്കിയ വാടക, വാടക കുടിശ്ശിക നൽകാനുണ്ടെ ങ്കിൽ അതുൾപ്പെടെയുള്ള വിവരം നൽ കാമോ ; | | |
| (സി) | ഓരോ വകുപ്പും അതിന്റെ കീഴിലെ വാഹന ങ്ങൾക്ക് വേണ്ടി 2013-ൽ ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ്, അതിനു നൽകിയ തുക, ഇനി നൽകാനുള്ള തുക, റിപ്പയർ ചാർജ് നൽകിയത്, ഇനി നൽകാനുള്ളത്, ഡെയ്‌ലി വേജ് ഡ്രൈവറെ നിയോഗിച്ചിട്ടു ണ്ടെങ്കിൽ ശമ്പള ചെലവ് എന്നിവ സഹിതം വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3528

30.01.2014 ൽ
മറുപടിയ്ക്ക്

<u>സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം</u>

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ഡി. സതീശൻ ;<br>ശ്രീ. അൻവർ സാദത്ത് ;<br>ശ്രീ. പാലോട് രവി ;<br>ശ്രീ. ആർ. സെൽവരാജ് ; | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ; | എ) കെൽട്രോണിന്റെ സഹായത്തോടെ സെക്രട്ടേറിയറ്റിൽ വിവര സാങ്കേതിക വിദ്യ ഉന്നത വിദ്യാഭ്യാസം, ഭക്ഷ്യ പൊതുവിതരണം എന്നീ വകുപ്പുകളിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം എന്ന കടലാസ് രഹിത ഫയൽ സംവിധാനം നടപ്പാക്കിയിരുന്നു. കേന്ദ്ര സർക്കാർ ഏജൻസിയായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വികസിപ്പിച്ചതുമായ "ഇ-ഓഫീസ്" സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും നടപ്പാക്കുന്നതിന് 24.8.2013 തീയതിയിലെ ജി.ഒ.(എം.എസ്)നം. 10/2013/ഐ.ടി.ഡി. പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;<br>സി) നിലവിലുള്ള ഫയലിംഗ് സംവിധാനത്തിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് ഇത് മുഖാന്തിരം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും<br>സെക്രട്ടേറിയറ്റിൽ കടലാസ് രഹിത ഫയൽ സംവിധാനം ഏർപ്പെടുത്തുകവഴി ഫയലുകൾ ഇലക്ട്രോണിക് സംവിധാനത്തിലാവുക മൂലം സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കുറ്റമറ്റതും കൂടുതൽ കാര്യക്ഷമവുമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പാക്കുന്നതിന് കെൽട്രോണും "ഇ-ഓഫീസ്" നടപ്പാക്കുന്നതിന് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും സാങ്കേതിക സഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 3529

30-01-2014-ൽ മറുപടിക്ക്

### ഐഡിയാസ് ഫയലിംഗ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സെക്രട്ടേറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകൾ കമ്പ്യൂട്ടർവത്കരിച്ച് 'ഐഡിയാസ്' സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും ഭൂരിഭാഗം വകുപ്പുകളിലെയും ഫയൽ നീക്കങ്ങൾ കാര്യക്ഷമമാകാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഐഡിയാസ് സംവിധാനം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഫയൽ നീക്കങ്ങൾ യഥാസമയത്തും കൃത്യമായും കമ്പ്യൂട്ടറിൽ ചേർക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ബി) ഉണ്ട്. വകുപ്പുകളിൽ ലഭിക്കുന്ന തപാലുകളും ഫയലുകളും ഐഡിയാസിൽ രേഖപ്പെടുത്തണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഐഡിയാസ് സംവിധാനം ഫലപ്രദമായി ഉപയോഗിക്കാത്ത ഉദ്യോഗസ്ഥരെ കണ്ടെത്തി അവരോട് വിശദീകരണം ചോദിച്ച് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3530** 30.01.2014-ൽ മറുപടിക്ക്

<u>സർക്കാർ ഉത്തരവുകൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത്</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ.എം.എ.ബേബി | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർക്കാർ ഉത്തരവുകൾ സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്ന വകുപ്പുകൾ ഏതൊക്കെയാണ്? | (എ) | വീഴ്ച വരുത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| (ബി) പ്രസ്തുത തീരുമാനം കൈക്കൊണ്ടതിനുശേഷം നാളിതുവരെ ഓരോ വകുപ്പിലും പുറപ്പെടുവിച്ച ഉത്തരവുകൾ വെബ് സൈറ്റിൽ കൊടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുമോ; | (ബി) | നടപടികൾ സ്വീകരിക്കുന്നതാണ് |
| (സി) വിമർശനം ഉയർന്നുവരാനിടയാകുന്ന ഉത്തരവുകൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതില്ല എന്ന് വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവുകൾ വെബ് സൈറ്റിൽ ഇടാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ഇല്ല |
| (ഡി) എല്ലാ ഉത്തരവുകളും പുറപ്പെടുവിച്ചാൽ അന്നുതന്നെ വെബ് സൈറ്റിൽ ഇടുന്നതിന് നടപടി സ്വീകരിക്കുമോ; ഏതെങ്കിലും ഉത്തരവ് സൈറ്റിലിടാത്തിന്റെ പേരിൽ നാളിതുവരെ ആർക്കെങ്കിലും എതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | എല്ലാ ഉത്തരവുകളും അതത് വകുപ്പുകളുടെ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന കർശന തീരുമാനം സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 3535 — 30.01.2014-ൽ മറുപടിക്ക്.

## വിവാഹമോചനം ആവശ്യപ്പെട്ട് കുടുംബകോടതികളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) വിവാഹമോചനം ആവശ്യപ്പെട്ട് 2011,2012,2013 വർഷത്തിൽ കുടുംബ കോടതികളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;<br>ബി) വിവാഹമോചന കേസുകളിൽ തീർപ്പു കൽപ്പിച്ചവ എത്രയെന്നും തീർപ്പുകൽപ്പിക്കാത്തവ എത്രയെന്നും വ്യക്തമാക്കുമോ? | (എ &ബി) വിവാഹമോചനം ആവശ്യപ്പെട്ട് 2011,2012,2013 വർഷത്തിൽ സംസ്ഥാനത്ത് കുടുംബകോടതികളിൽ രജിസ്റ്റർ ചെയ്തതും തീർപ്പുകൽപ്പിച്ചതും, തീർപ്പുകൽപ്പിക്കാനുള്ളതുമായ കേസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# DISTRICT-WISE FILING, DISPOSAL & PENDENCY OF DIVORCE CASES IN KERALA FOR THE PAST 3 YEARS

| Sl. No | Districts | 2011 | | | 2012 | | | 2013 | | |
|---|---|---|---|---|---|---|---|---|---|---|
| | | Filing | Disposal | Pendency | Filing | Disposal | Pendency | Filing | Disposal | Pendency |
| 1 | Thiruvananthapuram | 2349 | 1895 | 3313 | 2572 | 2240 | 3645 | 3980 | 3918 | 3707 |
| 2 | Kollam | 1647 | 1103 | 2417 | 1744 | 1926 | 2235 | 2322 | 2187 | 2370 |
| 3 | Pathanamthitta | 840 | 534 | 1042 | 1033 | 1054 | 1021 | 1470 | 1517 | 974 |
| 4 | Kottayam | 1129 | 949 | 758 | 1069 | 1141 | 686 | 1463 | 1284 | 865 |
| 5 | Alappuzha | 1362 | 1264 | 1393 | 1260 | 1167 | 1486 | 2250 | 2376 | 1360 |
| 6 | Idukki | 462 | 450 | 326 | 410 | 438 | 298 | 546 | 590 | 254 |
| 7 | Ernakulam | 1830 | 1681 | 2045 | 2468 | 2165 | 2348 | 2210 | 2317 | 2241 |
| 8 | Thrissur | 1697 | 1376 | 2000 | 2251 | 2389 | 1862 | 1836 | 1807 | 1891 |
| 9 | Palakkad | 945 | 943 | 871 | 999 | 1005 | 865 | 1198 | 1181 | 882 |
| 10 | Kozhikode | 1015 | 895 | 437 | 1483 | 1309 | 611 | 1368 | 1123 | 856 |
| 11 | Malappuram | 508 | 336 | 433 | 486 | 492 | 427 | 736 | 615 | 548 |
| 12 | Kalpetta | 212 | 156 | 195 | 182 | 235 | 142 | 233 | 241 | 134 |
| 13 | Kannur | 976 | 1140 | 631 | 1107 | 1101 | 637 | 1161 | 1020 | [illegible] |
| 14 | Kasaragod | 408 | 387 | 189 | 421 | 422 | 188 | 460 | 469 | [illegible] |
| | TOTAL | 15680 | 13109 | 16050 | 17485 | 17084 | 16451 | 21233 | 20645 | 17039 |

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3540 | 30.01.2014- ലെ മറുപടിക്ക്

### ഇന്നൊവേഷൻ കൗൺസിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി:<br>" എം. ഉമ്മർ:<br>" വി. എം. ഉമ്മർ മാസ്റ്റർ:<br>" എൻ. ഷംസുദ്ദീൻ: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് രൂപീകരിക്കുന്ന ഇന്നൊവേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) സംസ്ഥാന ഇന്നവേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. നവീനമായ ആശയങ്ങൾ വളർത്തിയെടുക്കുവാൻ സംസ്ഥാന സർക്കാരിനെ സഹായിക്കുക<br><br>2. യുവപ്രതിഭകളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനും പ്രാദേശിക തലത്തിൽ കോളേജുകളും, യൂണിവേഴ്സിറ്റികളും സ്ഥാപിക്കുന്നതിനും, ഇടത്തരം ചെറുകിട വ്യവസായങ്ങളും, ഗവേഷണ വികസന സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വേണ്ട പ്രോൽസാഹനവും നൽകുക.<br><br>3. നൂതന ആശയങ്ങളെ സംസ്ഥാനത്ത് നിലവിലുള്ള അവസരങ്ങളുമായി അനുബന്ധിപ്പിക്കുക.<br><br>4. നവീന ആശയങ്ങളും, സംരംഭങ്ങളും കണ്ടെത്തി അവ ആവിഷ്ക്കരിച്ചവർക്ക് അർഹമായ പാരിതോഷികങ്ങൾ നൽകുകയും, അതു സംബന്ധിച്ച വിജയ ചരിത്രം പ്രചരിപ്പിക്കുകയും ചെയ്യുക. |

5. നൂതന ആശയങ്ങൾക്കായി സെമിനാറുകൾ, പ്രഭാഷണങ്ങൾ, പരിശീലന കളരികൾ എന്നിവ സംഘടിപ്പിക്കുകയും പഠനത്തിനായി സ്റ്റേറ്റ് ഇന്നവേഷൻ പോർട്ടൽ സൃഷ്ടിക്കുകയും ചെയ്യുക.

6. നൂതനമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുവാൻ വേണ്ട സഹായം ചെയ്യുക.

7. അടുത്ത 10 വർഷ കാലയളവിലേയ്ക്ക് സംസ്ഥാനത്ത് നടപ്പിലാക്കാവുന്ന നൂതന ആശയങ്ങൾ സംബന്ധിച്ചും, സംരംഭങ്ങൾ സംബന്ധിച്ചുമുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും, അതിലേയ്ക്കായി കരുതൽ മൂലധനം സംഘടിപ്പിക്കുകയും ചെയ്യുക.

| | |
|---|---|
| (ബി) ഇതിന്റെ ഘടന എങ്ങനെയായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) പ്രസ്തുത കൗൺസിലിലേയ്ക്ക് ഉന്നത സർക്കാർ ഉദ്യോഗസ്ഥരെയും വ്യവസായ പ്രമുഖരേയും കൂടാതെ വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരെയും പ്രശസ്തി നേടിയിട്ടുള്ളവരെയും ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഉത്പാദനം, വിദ്യാഭ്യാസം, വിവര-സാങ്കേതികം, ടൂറിസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പ്രമുഖരെയാണ് ഈ കൗൺസിലിൽ ഉൾപ്പെടുത്തുന്നത്. |
| (സി) പ്രസ്തുത വിഷയത്തിൽ വിദഗ്ദ്ധരുടെ ഭാഗത്തുനിന്നും നിർദ്ദേശങ്ങൾ ലഭിച്ചിരുന്നോ ? | (സി) ചില നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3542

30/01/2014ലെ
മറുപടിക്ക്

### <u>പി.എസ്.സി. എഴുത്തു പരീക്ഷകൾക്ക് ക്വസ്റ്റ്യൻ ബാങ്ക്</u>

**<u>ചോദ്യം</u> :**

ശ്രീ.വർക്കല കഹാർ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.എം.പി.വിൻസെന്റ്

(എ) പി.എസ്.സി. നടത്തുന്ന എഴുത്ത് പരീക്ഷകൾക്ക് ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുവാൻ സർക്കാരിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഉദ്യോഗാർത്ഥികളെ കുഴപ്പിക്കുന്ന ചോദ്യങ്ങൾ ക്വസ്റ്റ്യൻ ബാങ്കിൽ ഉൾപ്പെടുത്താതിരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**<u>ഉത്തരം</u> :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ)യും (ബി)യും (സി)യും (ഡി)യും

പി.എസ്.സി. നടത്തുന്ന എഴുത്ത് പരീക്ഷകൾക്ക് ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത പ്രക്രിയ പുരോഗമിക്കുന്ന ഘട്ടത്തിൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3544 — 30/01/2014ലെ മറുപടിക്ക്

**പി.എസ്.സി. മെരിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് കാരണം ഉണ്ടാകുന്ന സംവരണ നഷ്ടം**

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ.പി.റ്റി.എ.റഹീം | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചട്ടങ്ങളിൽ മെയിൻ ലിസ്റ്റ് എന്ന ഒരു പരാമർശമുണ്ടോ; | (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസ് മാന്വലിൽ മെയിൻ ലിസ്റ്റ്, സപ്ലിമെന്ററി ലിസ്റ്റ് എന്നിങ്ങനെയുള്ള പരാമർശം para 322 ൽ ഉണ്ട്. |
| (ബി) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തതു പോലെ മെരിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. മെയിൻ ലിസ്റ്റായി പ്രസിദ്ധീകരിക്കുന്നത് മെരിറ്റ് ലിസ്റ്റാണ്. |
| (സി) മെയിൻ ലിസ്റ്റും മെരിറ്റ് ലിസ്റ്റും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് വിശദമാക്കുമോ ; | (സി) പി.എസ്.സി.യുടെ വിവക്ഷയിൽ രണ്ടും ഒന്നുതന്നെയാണ്. |
| (ഡി) മെരിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് കാരണം പിന്നോക്ക വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികൾക്ക് സംവരണ നഷ്ടം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3546

30/01/2014ലെ
മറുപടിക്ക്

### പി.എസ്.സി.വഴി നിയമനത്തിന് അഡ്വൈസ് ലഭിച്ചവർ

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. സി.ദിവാകരൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) 2012-13 സാമ്പത്തിക വർഷത്തിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമനത്തിന് അഡ്വൈസ് നൽകി എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) 2012-13 സാമ്പത്തിക വർഷത്തിൽ പി.എസ്.സി. നൽകിയ നിയമന ശിപാർശകളുടെ ആകെ എണ്ണം 29651 ആണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇവരിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് ? | (ബി) ഇതിൽ ജോലിക്ക് ഹാജരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# ADVICE MADE BY KERALA PUBLIC SERVICE COMMISSION DURING 2012-2013

| Sl. No. | Month & Year | TVM Trivandrum | KLM Kollam | PTA Pathanamthitta | ALP Alappuzha | KTM Kottayam | IDK Idukki | EKM Ernakulam | TSR Thrissur | PKD Palakkad | MLM Malappuram | KKD Kozhikode | WYD Wayanad | KNR Kannur | KSR Kasaragod | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | April 2012 | 354 | 32 | 36 | 100 | 114 | 28 | 95 | 119 | 78 | 107 | 65 | 26 | 18 | 36 | **1208** |
| 2 | May 2012 | 177 | 155 | 12 | 68 | 95 | 48 | 319 | 25 | 87 | 369 | 8 | 35 | 65 | 101 | **1564** |
| 3 | June 2012 | 685 | 74 | 22 | 76 | 45 | 90 | 73 | 41 | 35 | 15 | 39 | 33 | 47 | 56 | **1331** |
| 4 | July 2012 | 589 | 26 | 51 | 112 | 69 | 62 | 288 | 77 | 155 | 53 | 126 | 45 | 72 | 111 | **1836** |
| 5 | August 2012 | 1704 | 35 | 36 | 3 | 139 | 27 | 95 | 72 | 154 | 153 | 52 | 47 | 55 | 53 | **2625** |
| 6 | September 2012 | 279 | 215 | 251 | 164 | 254 | 138 | 310 | 53 | 335 | 105 | 143 | 97 | 112 | 51 | **2507** |
| 7 | October 2012 | 485 | 309 | 23 | 55 | 47 | 48 | 98 | 158 | 67 | 82 | 40 | 38 | 38 | 29 | **1517** |
| 8 | November 2012 | 795 | 103 | 26 | 76 | 26 | 33 | 220 | 327 | 110 | 84 | 350 | 84 | 152 | 56 | **2442** |
| 9 | December 2012 | 1005 | 99 | 29 | 41 | 65 | 131 | 113 | 70 | 104 | 94 | 56 | 23 | 24 | 37 | **1891** |
| 10 | January 2013 | 1623 | 160 | 27 | 14 | 18 | 80 | 34 | 46 | 28 | 109 | 78 | 44 | 108 | 37 | **2406** |
| 11 | February 2013 | 488 | 4161 | 77 | 40 | 47 | 99 | 241 | 226 | 160 | 224 | 112 | 80 | 42 | 65 | **6062** |
| 12 | March 2013 | 1477 | 561 | 112 | 173 | 207 | 176 | 309 | 185 | 247 | 243 | 195 | 70 | 191 | 116 | **4262** |
| | **Total** | **9661** | **5930** | **702** | **922** | **1126** | **960** | **2195** | **1399** | **1560** | **1638** | **1264** | **622** | **924** | **748** | **29651** |

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3547

30/01/2014ലെ
മറുപടിക്ക്

<u>പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നടത്തിയ നിയമനങ്ങൾ</u>

<u>ചോദ്യം</u> :

ശ്രീ. ആർ.രാജേഷ്

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നടത്തിയ നിയമനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പി.എസ്.സി. മുഖേനയല്ലാതെ രണ്ടര വർഷക്കാലം നടത്തിയ നിയമനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; വിശദമായ കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u> :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകിയ ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

2011 May 18 to 2011 Dec

| | May | Jun | Jul | Aug | Sep | Oct | Nov | Dec |
|---|---|---|---|---|---|---|---|---|
| HO | 80 | 548 | 399 | 336 | 461 | 296 | 697 | 615 |
| RO TVM | 3 | 434 | 661 | 18 | 15 | 42 | 16 | 49 |
| RO EKM | 5 | 221 | 210 | 98 | 83 | 26 | 9 | 250 |
| RO KKD | [illegible] | 1 | 30 | 11 | 1 | 14 | 5 | 9 |
| TVM | 31 | 120 | 137 | 126 | 93 | 77 | 60 | 176 |
| KLM | 27 | 120 | 63 | 48 | 67 | 66 | 161 | 72 |
| PTA | 25 | 82 | 33 | 24 | 88 | 38 | 147 | 117 |
| ALP | 32 | 93 | 73 | 90 | 67 | 60 | 174 | 134 |
| KTM | 2 | 175 | 103 | 60 | 121 | 120 | 142 | 218 |
| IDK | 118 | 185 | 37 | 126 | 75 | 70 | 254 | 442 |
| EKM | 95 | 60 | 93 | 163 | 51 | 177 | 191 | 207 |
| TSR | 105 | 125 | 208 | 133 | 97 | 62 | 112 | 156 |
| PKD | 8 | 98 | 77 | 146 | 117 | 65 | 118 | 108 |
| MPM | 107 | 98 | 224 | 172 | 89 | 137 | 208 | 448 |
| KKD | 190 | 227 | 315 | 121 | 98 | 106 | 103 | 212 |
| WYD | 46 | 22 | 106 | 42 | 100 | 63 | 101 | 73 |
| KNR | 90 | 78 | 74 | 79 | 195 | 95 | 115 | 121 |
| KGD | 30 | 81 | 90 | 71 | 25 | 56 | 118 | 119 |
| TOTAL | 1101 | 2768 | 2733 | 1864 | 1843 | 1570 | 2731 | 3526 |

2012

| | Jan | Feb | Mar | Apr | May | Jun | Jul | Aug | Sep | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|
| HO | 1604 | 611 | 783 | 221 | 167 | 548 | 511 | 1246 | 178 | 450 | 375 | 832 |
| RO TVM | 11 | 803 | 811 | 9 | 7 | 44 | 3 | 17 | 13 | 3 | 23 | 17 |
| RO EKM | 445 | 4 | 8 | 75 | 129 | 22 | 30 | 35 | 5 | 32 | 101 | 73 |
| RO KKD | 10 | 5 | 80 | 7 | 1 | 1 | 4 | 35 | 5 | 8 | 2 | 3 |
| TVM | 827 | 61 | 18 | 133 | 10 | 137 | 78 | 458 | 101 | 35 | 420 | 173 |
| KLM | 139 | 17 | 84 | 23 | 148 | 30 | 23 | 18 | 202 | 306 | 80 | 82 |
| PTA | 427 | 28 | 50 | 36 | 12 | 22 | 51 | 36 | 251 | 23 | 26 | 29 |
| ALP | 63 | 89 | 44 | 100 | 68 | 76 | 112 | 3 | 164 | 55 | 76 | 41 |
| KTM | 172 | 54 | 61 | 114 | 95 | 45 | 69 | 139 | 254 | 47 | 26 | 65 |
| IDK | 59 | 165 | 21 | 28 | 48 | 90 | 62 | 27 | 138 | 48 | 33 | 131 |
| EKM | 472 | 161 | 32 | 20 | 190 | 51 | 258 | 60 | 305 | 66 | 119 | 40 |
| TSR | 737 | 60 | 51 | 119 | 25 | 41 | 85 | 72 | 53 | 158 | 327 | 70 |
| PKD | 160 | 94 | 79 | 78 | 87 | 35 | 155 | 154 | 335 | 67 | 110 | 104 |
| MPM | 531 | 111 | 148 | 107 | 369 | 15 | 53 | 153 | 105 | 82 | 84 | 94 |
| KKD | 96 | 224 | 53 | 58 | 7 | 38 | 122 | 17 | 138 | 32 | 348 | 53 |
| WYD | 49 | 21 | 32 | 26 | 35 | 33 | 45 | 47 | 97 | 38 | 84 | 23 |
| KNR | 161 | 66 | 72 | 18 | 65 | 47 | 72 | 55 | 112 | 38 | 152 | 24 |
| KGD | 353 | 56 | 115 | 36 | 101 | 56 | 111 | 53 | 51 | 29 | 56 | 37 |
| TOTAL | 6316 | 2630 | 2542 | 1208 | 1564 | 1331 | 1844 | 2625 | 2507 | 1517 | 2442 | 1891 |

2013 ADVICE

| | Jan | Feb | Mar | Apr | May | Jun | Jul | Aug | Sep | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|
| HO | 1541 | 235 | 1122 | 261 | 233 | 259 | 648 | 641 | 400 | 457 | 633 | 300 |
| RO TVM | 19 | 4072 | 297 | 10 | 101 | 14 | 2 | 15 | 9300 | 93 | 2 | 97 |
| RO EKM | 5 | 124 | 4 | 30 | 125 | 13 | 25 | 14 | 0 | 22 | 22 | 1 |
| RO KKD | 3 | 21 | 0 | 2 | 1 | 1 | 1 | 13 | 0 | 3 | 261 | 3 |
| TVM | 141 | 253 | 355 | 267 | 176 | 198 | 114 | 256 | 89 | 107 | 33 | 104 |
| KLM | 82 | 89 | 264 | 33 | 129 | 17 | 155 | 77 | 73 | 59 | 94 | 165 |
| PTA | 27 | 77 | 112 | 21 | 128 | 75 | 120 | 52 | 64 | 88 | 38 | 101 |
| ALP | 14 | 40 | 173 | 45 | 26 | 45 | 54 | 159 | 20 | 53 | 89 | 76 |
| KTM | 18 | 47 | 207 | 35 | 115 | 102 | 73 | 160 | 163 | 72 | 148 | 46 |
| IDK | 80 | 99 | 176 | 49 | 42 | 81 | 105 | 122 | 90 | 47 | 41 | 122 |
| EKM | 29 | 117 | 305 | 31 | 43 | 46 | 96 | 57 | 381 | 26 | 181 | 339 |
| TSR | 46 | 226 | 185 | 75 | 58 | 193 | 110 | 223 | 53 | 116 | 219 | 286 |
| PKD | 28 | 160 | 247 | 34 | 121 | 153 | 132 | 76 | 114 | 172 | 125 | 110 |
| MPM | 109 | 224 | 243 | 41 | 37 | 59 | 298 | 72 | 57 | 158 | 236 | 126 |
| KKD | 75 | 91 | 195 | 59 | 62 | 21 | 94 | 249 | 75 | 41 | 52 | 24 |
| WYD | 44 | 80 | 70 | 56 | 68 | 104 | 80 | 40 | 55 | 25 | 56 | 101 |
| KNR | 108 | 42 | 191 | 178 | 83 | 78 | 143 | 69 | 51 | 90 | 99 | 152 |
| KGD | 37 | 65 | 116 | 83 | 68 | 80 | 58 | 67 | 26 | 74 | 33 | 89 |
| TOTAL | 2406 | 6062 | 4262 | 1310 | 1616 | 1539 | 2308 | 2362 | 11011 | 1703 | 2362 | 2242 |

TVM Thiruvananthapuram
KLM Kollam
PTA Pathanamthitta
ALP Alappuzha
KTM – Kottayam
IDK – Idukki

EKM – Ernakulam
TSR – Thrissur
PKD – Palakkad
MPM – Malappuram
KKD – Kozhikode
WYD – Wayanad

KNR – Kannur
KGD – Kasaragode

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3549

30/01/2014ലെ
മറുപടിക്ക്

## <u>ലാസ്റ്റ് ഗ്രേഡ് നിയമനം</u>

| <u>ചോദ്യം</u> : | <u>ഉത്തരം</u> : |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) എല്ലാ ജില്ലകളിലും നിലവിൽ വന്ന ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽ നിന്നും ഇപ്പോൾ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ ; | (എ) ജില്ലകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഒഴിവുകൾ നികത്തി ഉദ്യോഗാർത്ഥി കളുടെ ആശങ്ക ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) നിലവിലുള്ള എല്ലാ ഒഴിവുകളും, 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവു കളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ജില്ല | ഒടുവിൽ നിയമന ശിപാർശ ചെയ്ത തീയതി | നിയമന ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 17/08/2013 | 1013 |
| കൊല്ലം | 24/12/2013 | 665 |
| പത്തനംതിട്ട | 30/12/2013 | 241 |
| ആലപ്പുഴ | 21/11/2013 | 339 |
| കോട്ടയം | 30/12/2013 | 412 |
| ഇടുക്കി | 04/12/2013 | 204 |
| എറണാകുളം | 27/12/2013 | 404 |
| തൃശ്ശൂർ | 26/12/2013 | 637 |
| പാലക്കാട് | 30/12/2013 | 761 |
| മലപ്പുറം | 13/12/2013 | 308 |
| കോഴിക്കോട് | 28/12/2013 | 617 |
| വയനാട് | 31/12/2013 | 262 |
| കണ്ണൂർ | 02/01/2014 | 365 |
| കാസർഗോഡ് | 12/12/2013 | 176 |

പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3550

30/01/2014ലെ
മറുപടിക്ക്

### കോട്ടയം ജില്ലയിലെ എൽ.ഡി.ടൈപ്പിസ്റ്റ് നിയമനം

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കോട്ടയം ജില്ലയിൽ നിലവിൽ വന്ന എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ ; | (എ) 141 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) ഈ തസ്തികയിൽ എത്ര വേക്കൻസി നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) നിലവിൽ 26 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ചെയ്യാനുണ്ട്. |
| (സി) 2014-15 സാമ്പത്തിക വർഷം ഈ തസ്തികയിൽ എത്ര വേക്കൻസി ഉണ്ടാകും എന്ന് അറിയിക്കുമോ ; | (സി) 2014 കലണ്ടർ വർഷത്തിൽ സംസ്ഥാന ഭാഗ്യക്കുറി, ജുഡീഷ്യൽ (സിവിൽ) എന്നീ വകുപ്പുകളിൽ നിലവിൽ വരുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന യഥാക്രമം 1 ഉം (Date of Occurrence 1.6.2014) 2 ഉം (Date of Occurrence 1.6.2014 and 1.7.2014) ഒഴിവുകൾ ഉൾപ്പെടെ ആകെ 3 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) ഇപ്പോൾ നിലവിലുള്ള വേക്കൻസികൾ എത്രയും വേഗം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) നിലവിലുള്ള എല്ലാ ഒഴിവുകളും, 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) കോട്ടയം ജില്ലയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ 53-ാം റാങ്കുകാരിയായ ശ്രീമതി.സുനിതാമോൾ എൻ.എസ്.-ന്റെ നിയമനം സംബന്ധിച്ച് പി.എസ്.സി. എന്തു തീരുമാനമെടുത്തു എന്നു വ്യക്തമാക്കാമോ? ശ്രീമതി.സുനിതാമോൾ എൻ.എസ്.-ന്റെ സർട്ടിഫിക്കറ്റ് പരിശോധന സംബന്ധിച്ച് പി.എസ്.സി. സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (ഇ) കോട്ടയം ജില്ലയിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ (205/2009 & 206/2009) സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ശ്രീമതി.സുനിതാമോൾ എൻ.എസ്. (Reg.No. 100656) 08.05.2012ൽ ഹാജരായിരുന്നു. ടിയാൻ പ്രസ്തുത തസ്തികയുടെ യോഗ്യതയ്ക്ക് (1) SSLC or its equivalent (2) KGTE Typewriting Malalayalam (Lower) (3) KGTE Typewriting |

English (Lower) & Computer Word Processing or its equivalent)തത്തുല്യമെന്ന് അവകാശപ്പെട്ട് ഹാജരാക്കിയ VHSE Office Secretaryship (May 2002) സർട്ടിഫിക്കറ്റിൽ നിർദ്ദിഷ്ട യോഗ്യതകളിൽ ഒന്നായ Computer Word Processing യോഗ്യത ഉൾപ്പെട്ടിരുന്നില്ല. 03.10.2012ലെ DRI (2) 12453/12/GW നമ്പർ കത്തിലെ ഉത്തരവു പ്രകാരം 18.12.2009നു മുൻപു നേടിയ VHSE യോഗ്യതകളിൽ മാർക്ക് ലിസ്റ്റ്/സിലബസ്സിൽ നിർദ്ദിഷ്ട യോഗ്യത ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത സർട്ടിഫിക്കറ്റ് ടി തസ്തികയുടെ തെരഞ്ഞെടുപ്പിന് പരിഗണിച്ചാൽ മതിയെന്നും അല്ലാത്തപക്ഷം പരിഗണിക്കേണ്ടതില്ലായെന്നും അറിയിച്ചിരുന്നു. ആയതിൻ പ്രകാരം നിർദ്ദിഷ്ട യോഗ്യതകളുടെ അഭാവത്തിൽ ഈ ഉദ്യോഗാർത്ഥിയെ നിലവിലെ നടപടിക്രമം അനുസരിച്ച് റാങ്ക് പട്ടികയിൽ നിന്നും നീക്കം ചെയ്തിരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3551 ... 30.01.2014 [illegible]

**<u>ഇടുക്കി ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II ഇടുക്കി ജില്ലയിലെ പി.എസ്.സി റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; | എ) | ഇടുക്കി ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II തസ്തികയുടെ റാങ്ക് ലിസ്റ്റ് 10.11.2009 ൽ നിലവിൽ വന്നു. |
| ബി) | ഈ ലിസ്റ്റിൽ നിന്നും എത്രപേർക്ക് അഡ്വൈസ് അയച്ചു എന്നും, അതിൽ എത്ര പേർക്ക് നിയമനം നൽകി എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ ; | ബി) | 06.02.2012 തീയതിവരെ 73 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ ചെയ്തിട്ടുണ്ട്. അതിൽ 67 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത തസ്തികയിൽ ഇടുക്കി ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ ; | സി) | ടി തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| ഡി) | പ്രസ്തുത തസ്തികയിൽ വിവിധ സ്ഥാപനങ്ങളിലായി ദിവസവേതന, കരാർ അടിസ്ഥാനത്തിലായി എത്ര പേർ ജോലി ചെയ്തു വരുന്നു എന്നുള്ള വിശദാംശം ലഭ്യമാക്കാമോ ? | ഡി) | ഇടുക്കി ജില്ലയിൽ പ്രസ്തുത തസ്തികയിൽ എൻ.ആർ.എച്ച്.എം. വഴി 31 പേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3552

30/01/2014ലെ
മറുപടിക്ക്

### കൊല്ലം ജില്ലയിലെ എൽ.ഡി.സി. നിയമനം

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. പി.കെ.ഗുരുദാസൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിൽ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി ; | (എ) 21.12.2013വരെ 382 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഒഴിവുകൾ യഥാസമയം റിപ്പോർട്ടു ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്നറിയിക്കുമോ; | (സി) നിലവിലുള്ള എല്ലാ ഒഴിവുകളും, 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 29.3.2015-ൽ അവസാനിക്കുന്നതാണ്. |
| (ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ ? | (ഡി) എത്ര പേർക്ക് നിയമനം നൽകാൻ കഴിയുമെന്ന് മുൻകൂട്ടി പറയാൻ സാധിക്കില്ല. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | വകുപ്പ് | നിയമനശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | Panchayath | 211 |
| 2 | Labour | 4 |
| 3 | KIP RB Circle | 5 |
| 4 | Rural Development | 3 |
| 5 | IMS | 4 |
| 6 | Irrigation | 5 |
| 7 | PWD | 5 |
| 8 | Forest | 10 |
| 9 | Industries & Commerce | 3 |
| 10 | Civil Court | 24 |
| 11 | Employment | 2 |
| 12 | Scheduled Caste Development | 2 |
| 13 | Registration | 2 |
| 14 | Education | 7 |
| 15 | Revenue | 15 |
| 16 | Industrial Training | 1 |
| 17 | Soil Survey & Soil Conservation | 5 |
| 18 | Treasury | 1 |
| 19 | Criminal Judiciary | 28 |
| 20 | Motor Vehicles | 14 |
| 21 | Prison | 4 |
| 22 | Kerala State Insurance | 2 |
| 23 | Port | 1 |
| 24 | Kerala Municipal Common Service | 4 |
| 25 | Kerala Khadi & Village Industries Board | 1 |
| 26 | Stationery | 3 |
| 27 | Collegiate Education | 5 |
| 28 | Kerala State Lotteries | 6 |
| 29 | Commercial Taxes | 1 |
| 30 | Civil Supplies | 2 |
| 31 | Water Transport | 1 |
| 32 | Animal Husbandry | 1 |
| | ആകെ | 382 |

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3553

30/01/2014ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം</u>

| <u>ചോദ്യം</u> : | <u>ഉത്തരം</u> : |
|---|---|
| ശ്രീ. പി.ഉബൈദുള്ള | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; | (എ) മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് 29.06.2012-ൽ നിലവിൽ വന്നു. |
| (ബി) ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തുവെന്നും എത്ര നിയമനങ്ങൾ നടത്തിയെന്നും വ്യക്തമാക്കാമോ; | (ബി) 13.12.2013 തീയതിവരെ 308 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) മറ്റു ജില്ലകളെ അപേക്ഷിച്ച് മലപ്പുറത്ത് നിയമനങ്ങൾ ആനുപാതികമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഇതേ കാലയളവിൽ നിലവിൽ വന്ന മറ്റു പതിമൂന്ന് ജില്ലകളിലേയും റാങ്ക് ലിസ്റ്റിലെ ഇതേവരെയുള്ള നിയമന വിവരങ്ങൾ അറിയിക്കുമോ ; | (ഡി) ഇതേ കാലയളവിൽ നിലവിൽ വന്ന മറ്റ് ജില്ലകളുടെ റാങ്ക് ലിസ്റ്റിലെ നിയമന വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ഇ) മലപ്പുറം ജില്ലയിൽ നിലവിൽ ഏതെല്ലാം വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡിന്റെ എത്ര വീതം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അവയിലേക്കുള്ള നിയമന നടപടികൾ എന്തായിയെന്നും വിശദീകരിക്കാമോ ? | (ഇ) മലപ്പുറം ജില്ലയിൽ നിലവിൽ 31 ഒഴിവുകൾ അവശേഷിക്കുന്നുണ്ട്. വകുപ്പു തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. പ്രസ്തുത ഒഴിവിലേക്കുള്ള നിയമന നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| ജില്ല | ഒടുവിൽ നിയമന ശിപാർശ ചെയ്ത തീയതി | നിയമന ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 17/08/2013 | 1013 |
| കൊല്ലം | 24/12/2013 | 665 |
| പത്തനംതിട്ട | 30/12/2013 | 241 |
| ആലപ്പുഴ | 21/11/2013 | 339 |
| കോട്ടയം | 30/12/2013 | 412 |
| ഇടുക്കി | 04/12/2013 | 204 |
| എറണാകുളം | 27/12/2013 | 404 |
| തൃശ്ശൂർ | 26/12/2013 | 637 |
| പാലക്കാട് | 30/12/2013 | 761 |
| കോഴിക്കോട് | 28/12/2013 | 617 |
| വയനാട് | 31/12/2013 | 262 |
| കണ്ണൂർ | 02/01/2014 | 365 |
| കാസർഗോഡ് | 12/12/2013 | 176 |

S.O.

**ANNEXURE II**

**EXISTING LGS POSTS IN MALAPPURAM DISTRICT**

| Sl. No. | Name of Department | Number of posts |
|---|---|---|
| 1 | Public Works | 2 |
| 2 | Motor Vehicles | 3 |
| 3 | Urban Affairs | 3 |
| 4 | Scheduled Caste Development | 1 |
| 5 | Prison | 1 |
| 6 | Fisheries | 1 |
| 7 | Local Self Government | 6 |
| 8 | Panchayath | 4 |
| 9 | Revenue | 1 |
| 10 | Economics & Statistics | 1 |
| 11 | Technical High School | 1 |
| 12 | Health | 1 |
| 13 | Homeo | 1 |
| 14 | Legislative Secretariat | 1 |
| 15 | Commercial Taxes | 2 |
| 16 | Advocate General | 1 |
| 17 | General Administration | 1 |
| | **Total** | **31** |

S.O.

## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3554** — 30/01/2014 ൽ മറുപടിക്ക്

### കൊല്ലം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി പി. അയിഷ പോറ്റി** | | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| എ) | കൊല്ലം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റ് എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്; | എ) 27/01/2011 മുതൽ |
| ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; | ബി) 38 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത തസ്തികയിൽ ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; സ്കൂൾ തിരിച്ച് വിവരം ലഭ്യമാക്കുമോ? | സി) കൊല്ലം റവന്യൂ ജില്ലയിൽ താഴെ പറയുന്ന സ്കൂളുകളിലായി 6 ഒഴിവുകൾ നിലവിലുണ്ട്. |

| സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|
| ഗവ. എച്ച്.എസ്. അച്ചൻകോവിൽ | 1 |
| ഗവ.വി.എച്ച്.എസ്.എസ്. അയ്യൻകോവിൽ | 1 |
| ഗവ.വി.എച്ച്.എസ്.എസ്,ചെറിയഴീയ്ക്കൽ | 1 |
| ഗവ.എച്ച്.എസ്.എസ്, വെള്ളമണൽ | 1 |
| ഗവ.വി.എച്ച്.എസ്.എസ്, ഇരവിപുരം | 1 |
| ഗവ.എച്ച്.എസ്.എസ്, കുഴിത്തുറ | 1 |

പ്രസ്തുത ഒഴിവുകളിൽ 3 എണ്ണം അന്തർജില്ലാ സ്ഥലംമാറ്റത്തിനും 1 ഒഴിവ് പ്രമോഷനും നീക്കിവച്ചിരിക്കുകയാണ്. ബാക്കിയുള്ള രണ്ട് ഒഴിവുകളിൽ ഒരെണ്ണം തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പിന്നീടുള്ള 1 ഒഴിവ് സസ്പെൻഷനിലായിരുന്ന അധ്യാപകനെ പുനഃസ്ഥാപിക്കുന്നതിലേക്ക് നീക്കിവച്ചിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ പി.എസ്.സി. വഴിയുള്ള റഗുലർ നിയമനത്തിനായി ഒഴിവുകളൊന്നും നിലവിലില്ല.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3555, 30/01/2014-ൽ മറുപടിക്ക്**

**നാഷണൽ സേവിംഗ്സ് വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ പരീക്ഷാഫലം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ശിവൻകുട്ടി** | **മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി** |

| | | |
|---|---|---|
| (എ) | 2011 നവംബറിൽ പി.എസ്.സി നടത്തിയ സംസ്ഥാന നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെന്റിൽ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കാതിരുന്നതിന്റെ കാരണം എന്താണെന്ന വിശദമാക്കുമോ ; | നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് 28.10.2011 ൽ പി.എസ്. സി നടത്തിയ ഒബ്ജക്റ്റീവ് ടൈപ്പ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. |
| (ബി) | ആയത് എന്ന് പ്രസിദ്ധീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ ? | 23.11.2013 ൽ പ്രസിദ്ധീകരിച്ചു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3560 30/01/2014 ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധിയിൽ നിന്നും സന്നദ്ധ സംഘടനകൾക്ക് ധനസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2011 മെയ് മാസം മുതൽ നാളിതുവരെയായി ഏതെല്ലാം സന്നദ്ധസംഘടനകൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ;<br><br>(ബി) എന്തു തുക വീതം ഓരോ സംഘടനയ്ക്കും നൽകിയിട്ടുണ്ടെന്നും തുക നൽകാനിടയായ സാഹചര്യവും വ്യക്തമാക്കുമോ? | (എ)<br>&<br>(ബി) | പൂനയിലെ കിർക്കിയിലുള്ള Paraplegic Rehabilitation Centre എന്ന സ്ഥാപനത്തിന് കേരളീയരായ അന്തേവാസികളുടെ സംരക്ഷണത്തിന് ധനസഹായമായി സ.ഉ.(ആർറ്റി) നം.3347/11/റവ. തീയതി 04/08/2011 പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1.5 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3561 30.01.2014-ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധിയിലേയ്ക്ക് വണ്ടിച്ചെക്ക് നൽകിയവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 25 ലക്ഷം രൂപയുടെ ചെക്ക് നൽകി കബളിപ്പിച്ച ടീം സോളാർ കമ്പനിക്കെതിരെ എന്തെങ്കിലും നിയമനടപടി സ്വീകരിച്ചുവോ; എങ്കിൽ എന്തു നടപടി എന്ന വ്യക്തമാക്കുമോ? ഇല്ലെങ്കിൽ പ്രസ്തുത കമ്പനിക്കെതിരെ വഞ്ചനാക്കുറ്റത്തിന് കേസെടുക്കുമോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 25 ലക്ഷം രൂപയുടെ ചെക്ക് നൽകി കബളിപ്പിച്ചതിലേക്ക് ടീം സോളാർ കമ്പനിക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറ്റാരെങ്കിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് വണ്ടിച്ചെക്ക് നൽകിയിട്ടുണ്ടോ; | (ബി) & (സി) വിവരം ശേഖരിച്ച നൽകുന്നതാണ്. |
| (സി) എങ്കിൽ അവർ ആരെല്ലാമെന്ന് ചെക്ക് നമ്പർ, അക്കൗണ്ടിന്റെ വിശദാംശം, എത്ര തുക എന്നത് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

### എൻഡോസൾഫാൻ ദുരിതബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച നഷ്ടപരിഹാര തുക

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3562 — 30.01.2014 - ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച നഷ്ടപരിഹാര തുക, പൂർണ്ണമായി കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, മരിച്ചവരുടെ ആശ്രിതർ, ശാരീരിക വൈകല്യം സംഭവിച്ചവർ എന്നിവർക്ക് എത്ര വീതം നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | എ) | ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവർക്കും, എൻഡോസൾഫാൻ തളിച്ച് തുടങ്ങിയതിനു ശേഷം ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും മറ്റ് ശാരീരിക വൈകല്യങ്ങൾ ഉള്ളവർക്ക് 3 ലക്ഷം രൂപാ വീതവും നഷ്ടപരിഹാരം അനുവദിക്കുന്നതിനായാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയത്. |
| ബി) | ഇതിൽ കാസർഗോഡ് ജില്ലയിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ എത്ര പേർ ഉണ്ടെന്നും ഓരോ വിഭാഗത്തിനും എത്ര തുക വീതം നൽകിയിട്ടുണ്ടെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | ബി) | മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ പൂർണ്ണമായി അംഗീകരിക്കുവാനും നടപ്പിലാക്കാനും സർക്കാർ തീരുമാനിച്ചിരുന്നു. ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നതിന് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നില്ല. എന്നാൽ ആയവർക്ക് കൂടി 3 ലക്ഷം രൂപ ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് അനുവദിച്ച പ്രത്യേക ധനസഹായം - വിശദവിവരങ്ങൾ**

| കാറ്റഗറി | എണ്ണം | അനുവദിച്ച തുക | ആകെ തുക |
|---|---|---|---|
| പൂർണ്ണമായും കിടപ്പിലായവർ | 200 | 1,50,000 | 3,00,00,000 |
| ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 916 | 1,50,000 | 13,74,00,000 |
| ശാരീരിക വൈകല്യമുള്ളവർ | 795 | 1,00,000 | 7,95,00,000 |
| കാൻസർ രോഗികൾ | 323 | 1,00,000 | 3,23,00,000 |
| ആകെ | 2234 | 5,00,000 | 27,92,00,000 |

**എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് പ്രത്യേക ധനസഹായം - വിശദവിവരങ്ങൾ**

| ദുരിതബാധിതരുടെ എണ്ണം | ആനുവദിച്ച തുക | ആകെ തുക |
|---|---|---|
| 607 | 1.5 ലക്ഷം വീതം | 9,10,50.000 (9.105 കോടി രൂപ) |

| | |
|---|---|
| സി) ബാക്കി നൽകാനുള്ള തുക എന്ന് നൽകാനാകും എന്ന് അറിയിക്കാമോ? | സി) രണ്ടാംഗഡു തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3563 — 30.01.2014 ൽ മറുപടിയ്ക്ക്

## പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മത പ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള കാലാവധി 1988 നവംബർ 9 ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988 ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിതീകരിക്കപ്പെട്ട അധികജല ലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാലും കേരളത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെടാത്തതിനാലും പറമ്പിക്കുളം-ആളിയാർ കരാറിന്റെ പുനരവലോകനവും പുതുക്കലും യാഥാർത്ഥ്യമായിട്ടില്ല. |

(ബി) ഈ വർഷം കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

(ബി) നടപ്പ് ജലവർഷത്തിൽ 2013 ജൂലായ് ആദ്യം മുതൽ 2014 ജനുവരി പകുതിവരെ; ഏറെക്കുറെ കേരളം ആവശ്യപ്പെട്ട അളവിലുള്ള ജലം, തമിഴ്നാട് മണക്കടവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ജലവർഷം ജനുവരി 15 വരെ 4805 എം.സി.എഫ്റ്റി ജലം മണക്കടവിൽ ലഭിച്ചിട്ടുണ്ട്. ഇതിനു പുറമേ കേരള ഷോളയാർ റിസർവോയറിൽ 2013 സെപ്റ്റംബർ 1ന് ജലനിരപ്പ് കരാർ പ്രകാരം ഫുൾ റിസർവോയർ ലെവലിൽ നിലനിർത്തിയിരുന്നു.

(സി) കാലഹരണപ്പെട്ട പറമ്പിക്കുളം -ആളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മത പ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള കാലാവധി 1988 നവംബർ 9 ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988 ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിതീകരിക്കപ്പെട്ട അധികജല ലഭ്യത

പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളത്തിന്റെ നിർദ്ദേശം തമിഴ്നാട് അംഗീകരിക്കാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. 2012-2013 ജലവർഷത്തിൽ തമിഴ്നാട് കേരളത്തിന് അവകാശപ്പെട്ട ജലം നൽകാത്തതിന് എതിരായി കേരളം ഒരു കേസ് സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3564 — 30.01.2014 ൽ മറുപടിയ്ക്ക്

നദീസംയോജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. എൻ.ഷംസുദ്ദീൻ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നിലപാടെന്താണെന്ന് വ്യക്തമാക്കുമോ ; | (എ) നദീസംയോജന പദ്ധതിയോട് സംസ്ഥാന സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. |
| (ബി) സംസ്ഥാനവുമായി ബന്ധപ്പെട്ട ഏതൊക്കെ നദീസംയോജന പദ്ധതികളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്; ഇവയിൽ ഏതൊക്കെ അന്തർസംസ്ഥാന നദികളാണ് ഉൾപ്പെട്ടിട്ടുള്ളത്; | (ബി) കേന്ദ്ര സർക്കാർ ദേശീയ ജലവികസന ഏജൻസി(NWDA) മുഖേന വിഭാവനം ചെയ്തിട്ടുള്ള നദീസംയോജന പദ്ധതിയിൽ കേരള സംസ്ഥാനവുമായി ബന്ധപ്പെട്ട് പമ്പ -അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയും, കാവേരി-വൈഗ- ഗുണ്ടാർ ലിങ്ക് പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ പമ്പ, അച്ചൻകോവിൽ, കാവേരി എന്നീ നദികളാണ് ഉൾപ്പെട്ടിട്ടുള്ളത്. അന്തർ സംസ്ഥാന നദികളുടെ നിർവ്വചനമനുസരിച്ച്; പമ്പ, അച്ചൻകോവിൽ എന്നീ നദികളെ അന്തർസംസ്ഥാന നദികളുടെ ഗണത്തിൽപ്പെടുത്തുവാൻ സാധിക്കുകയില്ല. |

| | |
|---|---|
| (സി) ഈ പദ്ധതികൾ മുഖേന സംസ്ഥാന താൽപര്യങ്ങൾക്കുണ്ടാകാവുന്ന ഗുണങ്ങളും ദോഷങ്ങളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) വിലയിരുത്തിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച നദീസംയോജന പദ്ധതികൾ കൊണ്ട് കേരളത്തിന് ഗുണങ്ങളേക്കാൾ ഏറെ ദോഷങ്ങളാണുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നദീസംയോജന പദ്ധതികൾ നടപ്പാക്കുന്നതുമൂലം കേരളത്തിലെ നദികളായ പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ നിന്നും വലിയ ഒരളവ് ജലം തമിഴ്നാട്ടിലേയ്ക്ക് കൊണ്ടു പോകാനാണ് ഉദ്ദേശിക്കുന്നത്. ഈ നദികളിലെ ജലം തിരിച്ചുവിടുന്നതുമൂലം അവിടെ മിച്ച ജലം ഇല്ലാതാകുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു. കൂടാതെ വേമ്പനാട് കായലിലെ ഉപ്പുവെള്ളം നിയന്ത്രിക്കുന്നതിന് വളരെയധികം പ്രയാസം നേരിടുകയും ചെയ്യും. പമ്പ,അച്ചൻകോവിൽ എന്നീ നദികളെ ഉൾപ്പെടുത്തി ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ള നദീജലസംയോജന പദ്ധതി നടപ്പിലാക്കിയാൽ വർഷകാലങ്ങളിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകുമെന്നതിനാൽ കേരളത്തിന്റെ പ്രമുഖ നെല്ലുൽപ്പാദനകേന്ദ്രമായ കുട്ടനാട് പ്രദേശത്തെ നെൽകൃഷിയെയും ടി പദ്ധതി ദോഷകരമായി ബാധിക്കും. കൂടാതെ പലതരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുക്കുന്നതിനും സാദ്ധ്യതയുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം കാവേരി ബേസിനിൽ 21 ടിഎംസി ജലം മാത്രമേ അനുവദിച്ചിട്ടുള്ളൂ. കേരളത്തിന് അർഹതപ്പെട്ട ജലം ലഭിച്ചിട്ടില്ലായെന്നും അനുവദിച്ച ജലത്തിന്റെ അളവ് അർഹതപ്പെട്ടതിൽ നിന്നും വളരെ കുറവാണെന്നുമുള്ള വസ്തുതകൾ ചൂണ്ടിക്കാട്ടി ട്രൈബ്യൂണൽ വിധിക്കെതിരെ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ |

| | |
|---|---|
| | ചെയ്തിട്ടുണ്ട്. ആയതിനാൽ കാവേരി ബേസിനിൽ നിന്നും ജലം തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിടുന്നതു സംബന്ധിച്ചും അനുകൂല നിലപാടല്ല കേരളം സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വ്യക്തമാക്കുമോ? | (ഡി) കേരളത്തിലെ നദീ തടങ്ങളിൽ അധിക ജലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ പമ്പ, അച്ചൻകോവിൽ നദികളിൽനിന്നും വലിയൊരളവിൽ ജലം തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിടുന്നതിന് പ്രതികൂല നിലപാടാണ് കേരളം സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ ഈ വാദം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സ്പെഷ്യൽ കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.<br>ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട്; കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള NWDA നടത്തിയിട്ടുള്ള വിവിധ യോഗങ്ങളിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. കാവേരി ട്രൈബ്യൂണൽ അവാർഡ് പ്രകാരം കേരളത്തിന് അർഹതപ്പെട്ട മുഴുവൻ ജലവും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ; അർഹതപ്പെട്ട മുഴുവൻ ജലവും ലഭ്യമാക്കുന്നതിനുവേണ്ടി ട്രൈബ്യൂണൽ വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3569 | 30-01-2014-ൽ മറുപടിക്ക്.

### പരിശോധനയ്ക്ക് ശേഖരിക്കുന്ന മദ്യ സാമ്പിൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ:<br>" ബാബു എം. പാലിശ്ശേരി:<br>" കെ. ദാസൻ :<br>" സി. കൃഷ്ണൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) പരിശോധനയ്ക്ക് ശേഖരിക്കുന്ന മദ്യ സാമ്പിളിന് സർക്കാർ വില നൽകണമെന്ന് വ്യവസ്ഥ ചെയ്തു കൊണ്ട് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആരുടെ ആവശ്യാർത്ഥമായിരുന്നു ഭേദഗതി; മദ്യകമ്പനികളും വ്യാപാരികളും പ്രസ്തുത ആവശ്യം ഉന്നയിക്കുകയുണ്ടായോ; | (ബി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായി, മറ്റു സർക്കാർ വകുപ്പുകൾ സാമ്പിൾ ശേഖരിക്കുമ്പോൾ സ്വീകരിക്കുന്ന നടപടിക്ക് സമാനമായിട്ടാണ് ഈ ഭേദഗതി കൊണ്ടുവന്നത്. കേരള ബാർ ഹോട്ടൽ അസോസിയേഷൻ പ്രസ്തുത ആവശ്യം ഉന്നയിച്ചിരുന്നു. |
| (സി) പ്രസ്തുത ഉത്തരവിന് ഏത് തീയതി മുതൽ പ്രാബല്യമുണ്ട്; സാമ്പിളുകൾ ശേഖരിക്കുന്നതിന് നൽകാൻ പണം ഏത് ബഡ്ജറ്റ് കണക്കിനത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ശരാശരി എത്ര സാമ്പിളുകൾ ഒരു വർഷം പരിശോധന നടത്താറുണ്ട്? | (സി) പ്രസ്തുത ഉത്തരവിന് 09-12-2013 മുതൽ പ്രാബല്യമുണ്ട്. സാമ്പിളുകൾ ശേഖരിക്കുന്നതിന് നൽകുന്നതിനായി, "2039-001-90" എന്ന ശീർഷകത്തിൽ 2013-14 വർഷത്തേക്ക് 13.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഒരു വർഷം ശരാശരി 7000 വിദേശമദ്യ സാമ്പിളുകൾ പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ആഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3571 30-01-2014-ൽ മറുപടിക്ക്.

മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിലൂടെ ഉപഭോഗം കുറയ്ക്കുന്നതിന് നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ:<br>" സണ്ണി ജോസഫ്:<br>" തേറമ്പിൽ രാമകൃഷ്ണൻ :<br>" പാലോട് രവി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിലൂടെ ഉപഭോഗം കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ബോധവൽക്കരണത്തിലൂന്നി, ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി, സംസ്ഥാനത്ത് പുതുതായി വിദേശ മദ്യഷാപ്പുകളൊന്നും അനുവദിച്ചിട്ടില്ല. മുൻകാലത്ത് അനുവദിച്ച 12 വിദേശ മദ്യഷാപ്പുകൾ തുറക്കേണ്ടതില്ലെന്നും തീരുമാനിച്ചു. ബാറുകൾ അനുവദിക്കുന്നതിനുള്ള ഹോട്ടലുകളുടെ സ്റ്റാർ പദവി, 3 സ്റ്റാറിൽ നിന്നും 5 സ്റ്റാറായി ഉയർത്തി നിശ്ചയിച്ചു. ബാറുകൾ തമ്മിലുള്ള ദൂരപരിധി നഗര പ്രദേശങ്ങളിൽ 1 കി.മീറ്ററും, ഗ്രാമപ്രദേശങ്ങളിൽ 3 കി.മീറ്ററുമാക്കി. ബാറുകളുടെ പ്രവർത്തി സമയത്തിൽ പ്രതിദിനം 3 മണിക്കൂർ കുറവ് വരുത്തി. മദ്യം വാങ്ങുന്നതിനും വില്ക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള പ്രായപരിധി 21 വയസ്സായി ഉയർത്തി. പുതുതായി എഫ്.എൽ.-3 ലൈസൻസുകൾ (ബാർ ലൈസൻസുകൾ) തത്കാലം അനുവദിക്കേണ്ടതില്ലെന്നും, തിരുമാനിച്ചു. ദു:ഖ വെള്ളിയാഴ്ച ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം നടപടികൾക്ക് പൊതുജന ങ്ങളുടെ സഹകരണം എക്സൈസ് വകുപ്പിന് ലഭിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾക്ക് പൊതുജനങ്ങളിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. എക്സൈസ് വകുപ്പ് നടപ്പാക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തൊട്ടാകെ വമ്പിച്ച ജനപിന്തുണ ലഭിച്ചു വരുന്നു. |
| (സി) | മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (സി) | നിലവിൽ, ഇതിനായി, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3581 — 30-01-2014-ൽ മറുപടിക്ക്.

### കള്ളുചെത്ത് വ്യവസായ പ്രതിസന്ധി

**ചോദ്യം:**
ശ്രീ. പി. തിലോത്തമൻ:

**ഉത്തരം:**
ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

എ) കള്ളുചെത്ത് വ്യവസായത്തിനുണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയിരത്തിൽപ്പരം ഷാപ്പുകൾ കേരളത്തിൽ അടഞ്ഞുകിടക്കുകയാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; കള്ളുചെത്ത് വ്യവസായത്തിനുണ്ടായ പ്രതിസന്ധിയിലൂടെ എത്ര പേർക്ക് തൊഴിലില്ലാതെയായി എന്നു വ്യക്തമാക്കാമോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനുയോജ്യമായ കെട്ടിടം കിട്ടാത്തതിനാലും, കള്ളിൽ മായം ചേർത്തതിന്റെ പേരിൽ ലൈസൻസികൾക്കെതിരെ കേസെടുത്തതിന്റെ അടിസ്ഥാനത്തിലും, 2013-14 വർഷത്തേയ്ക്ക് ലൈസൻസ് കാലാവധി നീട്ടിവാങ്ങാത്തതിന്റെ പേരിലുമാണ് കള്ളുഷാപ്പുകൾ അടഞ്ഞുകിടക്കുന്നത്. അടഞ്ഞുകിടക്കുന്ന കള്ളുഷാപ്പുകളിലെ തൊഴിലാളികളെ മറ്റു ഷാപ്പുകളിലേയ്ക്ക് പുനർവിന്യസിച്ചെങ്കിലും സംസ്ഥാനത്താകെ 3458 കള്ളുചെത്തു തൊഴിലാളികൾ തൊഴിലില്ലാത്തവരായി ഇപ്പോഴും അവശേഷിക്കുന്നുണ്ട്. അടഞ്ഞു കിടക്കുന്ന 993 കള്ളുഷാപ്പുകൾ വീണ്ടും സെയിൽ ചെയ്യുന്നതിനുള്ള നോട്ടിഫിക്കേഷൻ ഉടൻ പുറപ്പെടുവിക്കും.

ബി) കള്ളുചെത്ത് വ്യവസായത്തെയും ആ മേഖലയിലെ തൊഴിലാളികളെയും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി) പരമ്പരാഗത, തൊഴിലധിഷ്ഠിത വ്യവസായമെന്ന നിലയിൽ, കള്ളുവ്യവസായത്തെയും, ഇതുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ നയം.

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3585

30.01.2014-ൽ മറുപടിക്ക്

### പുന്നപ്ര ഫിഷറീസ് ഹാർബർ

ചോദ്യം — ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പുന്നപ്ര ഫിഷറീസ് ഹാർബറിന്റെ പഠനത്തിനായി ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിരുന്നോ; ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വ്യക്തമാക്കാമോ ; | (എ) | പുന്നപ്ര ഫിഷറി ഹാർബറിന്റെ പഠനത്തിനായി ഏജൻസിയെ നിയോഗിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഡിപ്പാർട്ടുമെന്റ് മുഖേന പുരോഗമിക്കുന്നു. |
| (ബി) | പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | പഠനത്തിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; | (സി) | പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്ററിനെ മിനി ഫിഷിംഗ് ഹാർബറായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ, മാതൃകാ പഠനം, പരിസ്ഥിതി പഠനം എന്നിവ നടത്തുന്നതിനായി 16.40 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് 09.09.2009 ൽ ഭരണാനുമതി നൽകിയിരുന്നു. 01.07.2010 ന ശേഷം കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള ഏജൻസികൾ മുഖേന നടത്തുന്ന പരിസ്ഥിതി പഠന റിപ്പോർട്ട് മാത്രമേ പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിനായി പരിഗണിക്കൂ എന്നതിനാൽ ടി ഭരണാനുമതി തുകയിൽ ഉൾപ്പെടുത്തി പഠനം നടത്താൻ സാധിക്കുകയില്ല. ആയതിനാൽ 51 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 28.01.14 ൽ സ.ഉ.(സാധാ) 75/14/മതുവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ? | (ഡി) | ബാധകമല്ല. |

Jeyasree (signature)

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3587 30/01/2014-ൽ മറുപടിയ്ക്ക്

### അരൂർ പൂത്തോട്ടപാലം നിർമ്മാണം

**ചോദ്യം**

ശ്രീ. എ. എം. ആരിഫ്:

**മറുപടി**

ശ്രീ. കെ. ബാബു

(മത്സ്യബന്ധനവും തുറമുഖവും

എക്സൈസും വകുപ്പ് മന്ത്രി):

| | | | |
|---|---|---|---|
| (എ) | പെരുമ്പളം വട്ടവയൽ പൂത്തോട്ടപാലം നബാർഡ് ധനസഹായത്തോടെ നിർമ്മിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | വട്ടവയൽ പൂത്തോട്ട പാലത്തിന്റെ നിർമ്മാണത്തിനുള്ള പദ്ധതി അംഗീകാരത്തിനായി നബാർഡിൽ സമർപ്പിച്ചെങ്കിലും നബാർഡ് അംഗീകാരം നൽകിയിട്ടില്ല. |
| (ബി) | ആയത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചോ; | | |
| (സി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അപ്രോച്ച് റോഡിനുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനായി റവന്യൂ വകുപ്പ് മുഖേന എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; | | |
| (ഡി) | ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3593 30/01/2014-ൽ മറുപടിയ്ക്ക്**

### പൊതുനിരത്തുകളിലെ മത്സ്യവിപണനം

| ചോദ്യം<br>ശ്രീ. ബി. ഡി. ദേവസ്സി: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) പൊതുനിരത്തുകളിൽ വലിയ തോതിൽ മത്സ്യം വിൽക്കുന്നതു മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധി മുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) മത്സ്യമാർക്കറ്റിന് കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ ഇതിനായി കെട്ടിടം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ദേശീയ മത്സ്യ വികസന ബോർഡിന്റെ 90% സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാനത്തുടനീളം ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നു. മത്സ്യമാർക്കറ്റിന് കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും നിവേദനം ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്തിന്റെ സാധ്യതാ പഠനം നടത്തി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .3595

30.01.2014-ൽ മറുപടിയ്ക്ക്

### മത്സ്യബന്ധന മേഖലയിൽ നിന്നുള്ള വരുമാനം

ചോദ്യം

ഉത്തരം

| | ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന എത്രയാണ്; | (എ) | 2012-13 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന 2004-2005 വർഷം അടിസ്ഥാനമാക്കി 5115 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. |
| (ബി) | മുൻകാലങ്ങളെ അപേക്ഷിച്ച് മത്സ്യബന്ധന മേഖലയിൽ നിന്നുള്ള വരുമാനം ഗണ്യമായി കുറയുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ; | (ബി) | മുൻകാലങ്ങളെ അപേക്ഷിച്ച് മത്സ്യബന്ധന മേഖലയിൽ നിന്നുള്ള ആഭ്യന്തര വരുമാനം കുറഞ്ഞിട്ടില്ല. |
| (സി) | മത്സ്യബന്ധന മേഖലയുടെ പുരോഗതിക്കായി ആവിഷ്കരിച്ച നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം? | (സി) | 1. തദ്ദേശ മത്സ്യ ഇനങ്ങളുടെ വിത്തുൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ<br>2. രോഗവിമുക്തമായ ചെമ്മീൻ കൃഷി<br>3. ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ പാർക്കും സ്ഥാപിക്കൽ<br>4. കായലുകളിലെ ഡ്രെഡ്ജിംഗ്<br>5. മത്സ്യവിത്തു നയത്തിന്റെ രൂപീകരണം<br>6. മറൈൻ ആംബുലൻസ് സേവനം<br>7. ഫിഷ് മാളുകൾ<br>8. ഫിഷ് പ്രോസസിംഗ് സെന്ററുകൾ |

Jeyasree

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3596** **30/01/2014-ൽ മറുപടിയ്ക്ക്**

**മത്സ്യങ്ങളിലെ വിഷാംശം**

| **ചോദ്യം**<br>**ശ്രീ. കെ. അജിത്:** | | **മറുപടി**<br>**ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** | |
|---|---|---|---|
| (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യങ്ങളിൽ കടുത്ത വിഷാംശമുള്ളതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യങ്ങളിൽ കടുത്ത വിഷാംശമുള്ളതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അവ കൃത്യമായി പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഫിഷറീസ് വകുപ്പിന്റെ കീഴിൽ സംവിധാനം ഇല്ല. |
| (സി) | അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യങ്ങൾ വാങ്ങുന്നതിൽ നിന്ന് ജനങ്ങളെ നിരുത്സാഹപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷാ വകുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളെ ഇക്കാര്യത്തിൽ ബോധവൽകരണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3597

30.01.2014-ൽ മറുപടിയ്ക്ക്

## കടാശ്വാസത്തിനായി സമർപ്പിച്ച പട്ടിക

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ കടം എഴുതിത്തള്ളുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സഹകരണ മേഖലയുമായി ബന്ധപ്പെട്ട് കടാശ്വാസം ശുപാർശ ചെയ്ത് കമ്മീഷൻ സർക്കാരിലേയ്ക്ക് നൽകിയ 1-ാമതു ലിസ്റ്റിൽ ഉൾപ്പെട്ട 15,738 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 49,70,20,294/- രൂപയും NMDFC/NBCFDC വായ്പ എടുത്ത് കുടിശ്ശികയായിട്ടുള്ള 308 മത്സ്യത്തൊഴിലാളികൾക്ക് 35,95,000/- രൂപ കടാശ്വാസത്തിനായി മത്സ്യഫെഡിനും നൽകിയിട്ടുണ്ട്. കൂടാതെ 2013-14 സാമ്പത്തിക വർഷം സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധന പൂർത്തിയായ II, III ലിസ്റ്റുകളിൻമേൽ പരിശോധന പൂർത്തിയാക്കിയ അക്കൗണ്ടുകളിന്മേൽ കടാശ്വാസം നല്കുന്നതിന് 8,85,61,330/- കോടി രൂപ സഹകരണ വകുപ്പ് രജിസ്ട്രാർക്ക് അനുവദിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വായ്പ അക്കൗണ്ടുകളിൽ തുക വരവ് വെയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസം ശുപാർശ ചെയ്ത് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളുമായി ബന്ധപ്പെട്ട കടങ്ങൾക്ക് കടാശ്വാസം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കുകളുമായി അനുരഞ്ജന ചർച്ചകൾ നടന്നുവരികയാണ്. |
| (ബി) | സർക്കാർ അംഗീകരിച്ച ലിസ്റ്റു പ്രകാരം ഇനി എത്ര പേർക്ക് നിശ്ചിത തുക അനുവദിക്കുവാനുണ്ടെന്നും, ഇതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കാമോ; | (ബി) | കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ലിസ്റ്റുകളിൽ ഉൾപ്പെട്ട 7640 പേർക്കായി ആകെ 60,20,38,660/ രൂപയുടെ കടാശ്വാസം അനുവദിക്കേണ്ടതുണ്ട്. സഹകരണ വകുപ്പിന്റെ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് കടാശ്വാസം അനുവദിക്കുന്നതാണ്. നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നല്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | സർക്കാർ തുക അനുവദിക്കുമെന്ന പ്രതീക്ഷയിൽ ലോൺ തിരിച്ചടവില്ലാത്തതിനാൽ പലിശ, പിഴപ്പലിശ എന്നിവ ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ? | (സി) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3598** **30/01/2014-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ വായ്പ**

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളിൽ എത്ര തുക കുടിശ്ശികയുണ്ട്; കുടിശ്ശിക ഉണ്ടാകാനുള്ള കാരണമെന്ത്; കുടിശ്ശിക എന്നേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളിൽ **5,10,29,724/-** രൂപയുടെ കുടിശ്ശികയുള്ളതായി കണക്കാക്കിയിട്ടുണ്ട്. വിദ്യാഭ്യാസാനുകൂല്യം നല്കുന്നതിന് കുടിശ്ശിക വന്നിട്ടുള്ളത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ്. കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി 6 **കോടി** രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3599 30/01/2014-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ.സണ്ണി ജോസഫ്:
ശ്രീ. ജോസഫ് വാഴക്കൻ:

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(എ) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പു മുഖേന വിവിധ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യമേഖലയിൽ 'ഭവനരഹിതരില്ലാത്ത കേരള' സൃഷ്ടിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13-ാം ധനകാര്യ കമ്മീഷൻ മാതൃകാ മത്സ്യഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തി 4973 ഭവനങ്ങൾ അനുവദിച്ചു നൽകി. NFWF ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒരു വർഷം 800 വീടുകൾ അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ HUDCO യുടെ വായ്പാ സഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ മുഖേന 6000 മത്സ്യത്തൊഴിലാളികൾക്ക് ഭവനം നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഘട്ടം ഘട്ടമായി ഭവന നിർമ്മാണ ധനസഹായം നൽകി കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഫിഷറീസ് വകുപ്പ് വിവിധ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.

(ബി) ഇതിനായി മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ പ്രത്യേകമായി ഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിച്ചിട്ടില്ല. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2011-15 കാലയളവിലേയ്ക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ താഴെ പറയുന്ന മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളാക്കി വികസിപ്പിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ജില്ലയുടെ പേര് | മത്സ്യഗ്രാമം | മത്സ്യഗ്രാമത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | വലിയതുറ | വലിയതുറ<br>ചെറിയതുറ<br>കൊച്ചുതോപ്പ്<br>വലിയതോപ്പ് |

| | | | |
|---|---|---|---|
| 2 | കൊല്ലം | പുത്തൻതുറ | പുത്തൻതുറ<br>നീണ്ടകര |
| 3 | ആലപ്പുഴ | തൃക്കുന്നപ്പുഴ<br><br>ആറാട്ടുപുഴ | വലിയഴീക്കൽ<br>തറയിൽക്കടവ്<br>കള്ളിക്കാട്<br>ആറാട്ടുപുഴ<br>പതിയാങ്കര<br>തൃക്കുന്നപ്പുഴ<br>പല്ലന |
| 4 | എറണാകുളം | ചെല്ലാനം | ചെല്ലാനം<br>മാറാവുകാട്<br>കണ്ടക്കടവ്<br>കണ്ണാമാലി<br>ചെറിയകടവ് |
| 5 | തൃശ്ശൂർ | കൈപ്പമംഗലം<br>പൊയ്യ -<br>ആനാപ്പുഴ | കൈപ്പമംഗലം<br>പൊയ്യ<br>ആനാപ്പുഴ |
| 6 | മലപ്പുറം | താനൂർ | ചീരൻ കടപ്പുറം<br>ഇടക്കടപ്പുറം<br>ഓസാൻ<br>കടപ്പുറം<br>ഇളരൻ കടപ്പുറം<br>പാണ്ടക്കടപ്പുറം<br>കോരമൻ<br>കടപ്പുറം<br>പുതിയ കടപ്പുറം |
| 7 | കോഴിക്കോട് | മാറാട് | മാറാട്<br>ബേപ്പൂർ |
| 8 | കണ്ണൂർ | അഴീക്കോട് | അഴീക്കോട് |
| 9 | കാസറഗോഡ് | അജാനൂർ | അജാനൂർ |

(സി) പ്രസ്തുത പദ്ധതിയിലേക്ക് അർഹരായവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണ്; ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം സർക്കാർ തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മത്സ്യഭവനുകളും വഴി അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽ നിന്നും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ട് (എൻ.എഫ്.ഡബ്ല്യൂ.എഫ്) ഉപയോഗിച്ചുള്ള ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ ജില്ലാ കളക്ടർ ചെയർമാനായും, തീരദേശ മണ്ഡലങ്ങളിലെ എം.എൽ.എ മാർ അംഗങ്ങളുമായ ജില്ലാ ഗുണഭോക്തൃ കമ്മിറ്റിയും മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലെ ഗുണഭോക്താക്കളെ പദ്ധതി പ്രദേശം ഉൾപ്പെടുന്ന മണ്ഡലത്തിലെ എം.എൽ.എ ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായ ജില്ലാതല മാനേജ്മെന്റ് കമ്മിറ്റിയും യോഗം ചേർന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭവന രഹിതർക്ക് ഭവനം അനുവദിക്കുന്നതിനായി സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3600** **30/01/2014-ൽ മറുപടിയ്ക്ക്**

## കോഴിക്കോട് പുതിയാപ്പയിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭവന നിർമ്മാണം

**ചോദ്യം**

**ശ്രീ. എ. കെ. ശശീന്ദ്രൻ:**

**മറുപടി**

**ശ്രീ. കെ. ബാബു**

**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭവന നിർമ്മാണത്തിന് എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(എ) ഫിഷറീസ് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ മാറാട് മാതൃകാ മത്സ്യബന്ധന ഗ്രാമം പദ്ധതി 2012-13 പ്രകാരം 2,50,000/- രൂപയും, മാതൃകാ മത്സ്യബന്ധന ഗ്രാമം പദ്ധതി രണ്ടാം ഘട്ടം, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരം 2,00,000/- രൂപയുമാണ് ധനസഹായമായി അനുവദിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി എത്ര വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിൽ വിവിധ പദ്ധതികളിലായി സൗജന്യമായി മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | വർഷം | അനുവദിച്ച വീട് |
|---|---|---|---|
| 1 | മാറാട് മാതൃകാ മത്സ്യബന്ധന ഗ്രാമം പദ്ധതി | 2012-13 | 70 |
| 2 | മാതൃകാ മത്സ്യബന്ധന ഗ്രാമം പദ്ധതി (രണ്ടാംഘട്ടം) | 2012-13 | 220 |
| 3 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി | 2012-13 | 100 |
| 4 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി | 2013-14 | 100 |
| ആകെ | | | 490 |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബറിന്റെ പരിധിയിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബറിന്റെ പരിധിയിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ ആകെ 44 മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സൗജന്യ ഭവന നിർമ്മാണത്തിന് പുതിയാപ്പയിൽ എത്ര അപേക്ഷകർ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ; | (ഡി) | 2013-14 ൽ പുതിയാപ്പയിൽ സൗജന്യഭവന നിർമ്മാണത്തിന് ധനസഹായം അനുവദിയ്ക്കുന്നതിനായി ആകെ 95 അപേക്ഷകരാണ് ഉണ്ടായിരുന്നത്. അർഹരായി തെരഞ്ഞെടുത്ത 79 അപേക്ഷകരിൽ നിന്ന് 11 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിയ്ക്കുന്നതിന് ജില്ലാതല ബെനിഫിഷ്യറി കമ്മിറ്റി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ഇ) | ഇവർക്ക് സൗജന്യഭവനം നൽകാനുള്ള നടപടി എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ? | (ഇ) | തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ആഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3601** — **30.01.2014-ൽ മറുപടിയ്ക്ക്**

**കടലാക്രമണത്തെത്തുടർന്നുണ്ടായ ഉപരോധസമരം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി.കെ. സദാശിവൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | അമ്പലപ്പുഴ പുറക്കാടും നീർകുന്നത്തും 2013 ഒക്ടോബർ മാസം 9-ാം തീയതി ഉണ്ടായ ശക്തമായ കടലാക്രമണത്തെത്തുടർന്ന് സർക്കാരിൽനിന്നും അടിയന്തിരനടപടി ആവശ്യപ്പെട്ട് മത്സ്യത്തൊഴിലാളികൾ പുറക്കാട് വില്ലേജ് ഓഫീസ് ഉപരോധിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഈ ഉപരോധസമരം അവസാനിപ്പിക്കുവാൻ നടത്തിയ ചർച്ചയിൽ മത്സ്യ തൊഴിലാളികൾ മുന്നോട്ടു വച്ച ആവശ്യങ്ങളും തുടർന്ന് അധികൃതർ നൽകിയ ഉറപ്പുകളും എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ; | (ബി) | കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനും നീർക്കുന്നത്ത് കടൽഭിത്തിയില്ലാത്ത ഭാഗത്ത് തുടർച്ചയായി കല്ല് ഇടുന്നതിനും തീരുമാനിച്ചു. വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് സ്ഥലവും വീടും വയ്ക്കുന്നതിനും ധന സഹായം നൽകുന്നതിനും ഉറപ്പു നൽകി. വീട് നഷ്ടപ്പെട്ടവർക്ക് മാറി താമസിക്കുന്നതിന് അടിയന്തിര ധനസഹായമായി 10,000/- രൂപ നൽകുന്നതിനും തീരുമാനിച്ചു. |
| (സി) | ഈ ഉറപ്പുകളിൻമേൽ സ്വീകരിച്ച തുടർനടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; മത്സ്യ തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾക്കെല്ലാം പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | നീർക്കുന്നത്ത് കടൽ ഭിത്തി ഒഴിവുള്ള ഭാഗത്ത് തുടർച്ചയായി കല്ല് ഇടുകയും വീട് നഷ്ടപ്പെട്ട 8 പേർക്ക് അടിയന്തിര ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,000/- രൂപ വീതം ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. വീട് നഷ്ടപ്പെട്ട 8 പേർക്ക് പുന്നപ്ര വില്ലേജിൽ സൈറ്റ് നമ്പർ 3 ൽ ഒഴിവുള്ള പ്ളോട്ടുകൾ അനുവദിച്ചു നൽകി. ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി 13-14 പ്രകാരം |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളെ [redacted] തിരഞ്ഞെടുക്കുന്നതിനുളള 21/01/2014 ലെ ജില്ലാതല ഗുണഭോക്തൃ കമ്മിറ്റി നീർക്കുന്നത്തും പുറക്കാടും 09/10/2013 ൽ ഉണ്ടായ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട 9 മത്സ്യത്തൊഴിലാളികൾക്ക് ഗവൺമെന്റ് ചാട്ടയിൽ വീട് നൽകുന്നതിന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. |

Jeyasree

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3602</u> 30/01/2014 ൽ മറുപടിക്ക്

## <u>അമ്പലപ്പുഴയിലെ ഫിഷറീസ് കാര്യാലയം</u>

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ. ജി. സുധാകരൻ

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അമ്പലപ്പുഴ ഫിഷറീസ് കാര്യാലയത്തിന്റെ പണി പൂർത്തിയായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫിഷറീസ് വകുപ്പിന്റെ പി.സി.ആർ ലാബിനുവേണ്ടിയുള്ള കെട്ടിടം അമ്പലപ്പുഴയിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ടി കെട്ടിടത്തിന്റെ ഉടമസ്ഥതാ സർട്ടിഫിക്കറ്റ് നാളിതുവരെയും ലഭിച്ചിട്ടില്ലാത്തതിനാൽ ടി കെട്ടിടത്തിന് വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും ലഭിച്ചിട്ടില്ല. |
| ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അമ്പലപ്പുഴ ഫിഷറീസ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ? | ബി) | ഫിഷറീസ് വകുപ്പിനു വേണ്ടിയുള്ള പി.സി.ആർ ലാബ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടിയാണ് ടി കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. പി.സി.ആർ ലാബ് നടത്തുന്നതിന് ആവശ്യമായ സ്ഥലം മാത്രമേ ടി കെട്ടിടത്തിൽ നിലവിലുള്ളൂ. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3603** **30/01/2014-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ മത്സ്യഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യഗ്രാമം പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേശം ഏതായിരുന്നു; | (എ) | മാതൃകാ മത്സ്യഗ്രാമം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ വലിയതുറ, ചെറിയതുറ വലിയതോപ്പ്, കൊച്ചുതോപ്പ് എന്നീ മത്സ്യഗ്രാമങ്ങളെയാണ് തെരെഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. |
| (ബി) പദ്ധതിക്കായി ഇവിടെ തറക്കല്ലിട്ടത് എന്നാണ്; എത്ര വീടുകൾ നിർമ്മിക്കുന്നതിനായിരുന്നു തീരുമാനം; ഇവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; നിർമ്മാണം എന്ന് പൂർത്തിയാക്കാനായിരുന്നു തീരുമാനം; വ്യക്തമാക്കാമോ; | (ബി) | പദ്ധതി ഉത്ഘാടനം 2012 ജൂൺ 6-ന് നിർവ്വഹിക്കുകയുണ്ടായി. 284 വീടുകൾ നിർമ്മിക്കാനായിരുന്നു തീരുമാനം. അതിൽ 126 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ആദ്യ വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കാനായിരുന്നു തീരുമാനം. |
| (സി) സ്വന്തമായി രണ്ടരസെന്റ് സ്ഥലമുള്ളവർക്ക് വീട് വയ്ക്കാൻ ധനസഹായം നൽകുന്ന പദ്ധതിയിലെ ഗുണഭോക്താക്കളായി എത്ര കുടുംബങ്ങളെയാണ് ഇവിടെ നിന്ന് തെരഞ്ഞെടുത്തത്; | (സി) | ഗുണഭോക്താക്കളായി 208 (67 പേർക്ക് ഫ്ളാറ്റ്) കുടുംബങ്ങളെയാണ് തെരഞ്ഞെടുത്തത്. |

| | | | |
|---|---|---|---|
| (ഡി) | ഇവർക്ക് എത്ര തുകയാണ് നൽകുന്നത്; ഈ തുക ഇനിയും ലഭ്യമാകാത്തവരെത്ര; ഇവർക്ക് തുക എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഓരോ കുടുംബങ്ങൾക്കും 2.50 ലക്ഷം രൂപയാണ് നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ടവരിൽ ഫ്ളാറ്റിന് അർഹരായ 67 പേർക്കും എഗ്രിമെന്റ് വയ്ക്കാൻ മുന്നോട്ട് വരാത്ത 15 പേർക്കും തുക ലഭ്യമാക്കിയിട്ടില്ല. ഫ്ളാറ്റിന് അർഹരായവർക്ക് ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3605** **30/01/2014-ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ചെമ്മീൻകെട്ട്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. ശർമ്മ:** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) വൈപ്പിൻ മണ്ഡലത്തിൽ ലൈസൻസോടെ പ്രവർത്തിക്കുന്ന എത്ര ചെമ്മീൻകെട്ട് ഉണ്ടെന്ന് പഞ്ചായത്തു തിരിച്ച് വ്യക്തമാക്കാമോ; ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഓരോ കെട്ടിന്റെയും വിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ചെമ്മീൻകെട്ട് നടത്തുന്നതിനുള്ള ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വിശദീകരിക്കാമോ; | (ബി) 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെയും അതിൻപ്രകാരമുള്ള 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് ലൈസൻസ് നൽകുന്നത്. ചെമ്മീൻ കെട്ട് നടത്തുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിനായി ആദ്യം SRO 429/2013 ആയി വിജ്ഞാപനം ചെയ്തിട്ടുള്ള 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫാറത്തിൽ, ചട്ടപ്രകാരമുള്ള ഫീസ് ഒടുക്കി ചെമ്മീൻ കെട്ട് പ്രദേശം സ്ഥിതി ചെയ്യുന്ന വില്ലേജാഫീസറുടെ ലൊക്കേഷൻ സർട്ടിഫിക്കറ്റ് സഹിതം അതതു പ്രദേശത്തെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അപേക്ഷ സമർപ്പിക്കുകയും ഫിൽട്രേഷൻ പ്രദേശം രജിസ്റ്റർ ചെയ്യേണ്ടതുമാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെമ്മീൻ കെട്ട് ഫാം നടത്തുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിനായി 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫാറത്തിൽ, ചട്ടപ്രകാരമുള്ള ഫീസ് ഒടുക്കി ചെമ്മീൻ കെട്ട് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ചെമ്മീൻ കെട്ടിൽ മത്സ്യബന്ധനം നടത്തുന്ന പ്രവൃത്തിയിൽ തർക്കങ്ങളോ, സാമൂഹ്യ പ്രശ്നങ്ങളോ, പാരിസ്ഥിതിക പ്രത്യാഘാതങ്ങളോ ഉണ്ടാക്കുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് |

(സി) ഈ വർഷം മുതൽ ലൈസൻസ് അനുവദിക്കുന്നതിൽ പുതുതായി എന്തെങ്കിലും മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും, അതിനു കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ (SRO 429/2013) അനുസരിച്ചും ചെമ്മീൻ കെട്ടുകളിൽ മത്സ്യബന്ധനം നടത്തുന്നതിന്, ചെമ്മീൻ കെട്ട് പ്രദേശം രജിസ്റ്റർ ചെയ്യേണ്ടതും, അത്തരം രജിസ്റ്റേർഡ് ചെമ്മീൻ കെട്ടുകൾക്ക് മാത്രമാണ് സീസണൽ /വാർഷിക ലൈസൻസ് അനുവദിക്കുന്നത് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3606** **30/01/2014-ൽ മറുപടിയ്ക്ക്**

**വക്കം ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡ് നവീകരണ പദ്ധതി**

| ചോദ്യം<br>ശ്രീ. ബി. സത്യൻ | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) | 2013-14- ൽ ഇതുവരെ തീരദേശ റോഡ് നവീകരണ പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം റോഡുകൾ നവീകരിക്കാൻ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ. | (എ) 2013-14- ൽ ഇതുവരെ തീരദേശ റോഡ് നവീകരണ പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിയിൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള പഞ്ചായത്ത് തിരിച്ചുള്ള റോഡുകളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി (ലിസ്റ്റ്-1) ചേർത്തിരിക്കുന്നു. |
| (ബി) | ഈ പദ്ധതിയിലേക്ക് വക്കം ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന റോഡുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശുപാർശ ചെയ്തതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ? | (ബി) വിശദാംശങ്ങൾ അനുബന്ധമായി (ലിസ്റ്റ്-2) ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3607 30/01/2014-ൽ മറുപടിയ്ക്ക്**

**<u>അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിയ റോഡുകൾ</u>**

**<u>ചോദ്യം</u>**

**ശ്രീ. ജി. സുധാകരൻ:**

**<u>മറുപടി</u>**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ എത്ര റോഡുകൾ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് പുനർ നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഫിഷറീസ് ഫണ്ട് അനുവദിച്ച റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

: ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2 റോഡുകൾ പൂർത്തീകരിക്കുകയും 5 റോഡുകളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുകയും ചെയ്യുന്നു. ഭരണാനുമതി ലഭിച്ച റോഡുകളുടെ ലിസ്റ്റ്, പുരോഗതി ഉൾപ്പെടെ ചുവടെ ചേർക്കുന്നു.

| നം | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷം) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | ഫിഷ് ലാന്റിംഗ് സെന്റർ പൂമീൻ പൊഴി റോഡ് | 37 | പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 2 | സി.ആർ.പി. ജംഗ്ഷൻ ചുള്ളിക്കൽ – കാർമ്മൽ പോളിടെക്നിക്ക് ടെലികോം-എക്സ്ചേഞ്ച് റോഡ് | 32.5 | പൂർത്തീകരിച്ചു. |
| 3 | അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ വടക്കുതിരിഞ്ഞ റോഡ് | 9.3 | പൂർത്തീകരിച്ചു. |
| 4 | അഞ്ചാലുകാവ് ക്ഷേത്രം കക്കാഴം പി.വി.ജംഗ്ഷൻ റോഡ് | 60 | പുരോഗമിച്ചു വരുന്നു |
| 5 | പഴയങ്ങാടി പുറക്കാട് ബീച്ച് റോഡ് | 57.03 | പുരോഗമിച്ചു വരുന്നു |

| | | | |
|---|---|---|---|
| 6 | ചെമ്പൻതറ കലുങ്കിൽ നിന്നും പടിഞ്ഞാറോട്ടുള്ള റോഡ് | 32.5 | പുരോഗമിച്ചു വരുന്നു |
| 7 | ഇരവുകാട് വാർഡിലെ ചങ്ങനാശ്ശേരി മുക്കിൽ നിന്നും സിദ്ധിക്കിന്റെ കടയുടെ മുൻവശത്തു കൂടിയുള്ള റോഡ് | 30.5 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| 8 | കപ്പക്കട ജംഗ്ഷൻ – ആറ്റുതീരം റോഡ് | 51.5 | ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| 9 | മരിയ മോണ്ടിസോറി സ്കൂൾ –പായൽകുളങ്ങര റോഡ് | 14 | ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| 10 | കാർഗിൽ റോഡ് റെയിൽവേ ലൈൻ –പാരലൽ റോഡ് | 24 | സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 11 | റോഡ് വണ്ടാനം മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ജംഗ്ഷൻ – കൊങ്ങുനൂർ കോലോത്തു വീട് വഴി കടന്നുപോകുന്ന റോഡ് | 60 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 12 | തോപ്പിലയ്യത്ത് പനച്ചിൽ ജംഗ്ഷൻ റോഡ് | 24.25 | ദർഘാസ് നടപടികൾ പുരോഗമിച്ച് വരുന്നു. |
| 13 | കാക്കനാടു പള്ളിച്ചിറ – കരീത്തറ റോഡ് | 48 | ദർഘാസ് നടപടികൾ പുരോഗമിച്ച് വരുന്നു. |
| 14 | ആലപ്പുഴ– അമ്പലപ്പുഴ തോട് ഗാന്ധിവിലാസം പാലം റോഡ് | 16.8 | ദർഘാസ് നടപടികൾ പുരോഗമിച്ച് വരുന്നു. |
| 15 | ഫിഷ്ലാന്റിംഗ് തെക്കുവശത്തു നിന്നും മൂന്നാം നമ്പർ സുനാമി കോളനി റോഡ് | 14 | ദർഘാസ് നടപടികൾ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| 16 | പുന്നല ഗുരുമന്ദിരത്തിന് തെക്കുവശത്ത് കൂടി കിഴക്കോട്ട് റോഡ് | 13 | ദർഘാസ് നടപടികൾ പുരോഗമിച്ച് വരുന്നു. |
| 17 | പായൽകുളങ്ങര ചീനാത്തു പറമ്പു റോഡ് | 12 | ദർഘാസ് നടപടികൾ പുരോഗമിച്ച് വരുന്നു. |
| 18 | വണ്ടാനം പടിഞ്ഞാറ്റതിൽ ഇ.എം.എസ്.റോഡ് | 46 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| 19 | വളഞ്ഞവഴി ജംഗ്ഷൻ ബീച്ച് റോഡ് | 60.5 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| 20 | എൻ.എച്ചിൽ നിന്ന് പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുള്ള റോഡ് | 48.5 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |

ബി) അമ്പലപ്പുഴ എം.എൽ.എ നൽകിയ ലിസ്റ്റിൽ നിന്ന് എത്ര റോഡുകൾക്ക് ഫണ്ട് അനുവദിച്ചു; വിശദാംശം നൽകുമോ?

: അമ്പലപ്പുഴ എം.എൽ.എ നൽകിയ ലിസ്റ്റിൽ നിന്ന് ഭരണാനുമതി നൽകിയ 7 റോഡുകൾ ചുവടെ ചേർക്കുന്നു.

| നം | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷം) |
|---|---|---|
| 1 | കപ്പക്കട ജംഗ്ഷൻ – ആറ്റുതീരം റോഡ് | 51.5 |
| 2 | മരിയ മോണ്ടിസോറി സ്കൂൾ –പായൽകുളങ്ങര റോഡ് | 14 |
| 3 | കാർഗിൽ റോഡ് റെയിൽവേ ലൈൻ –പാരലൽ റോഡ് | 24 |
| 4 | ഫിഷ്ലാന്റിംഗ് തെക്കുവശത്തു നിന്നും മൂന്നാം നമ്പർ സുനാമി കോളനി റോഡ് | 14 |
| 5 | പുന്നല ഗുരുമന്ദിരത്തിന് തെക്കുവശത്ത് കൂടി കിഴക്കോട്ട് റോഡ് | 13 |
| 6 | പായൽകുളങ്ങര ചീനാത്തു പറമ്പു റോഡ് | 12 |
| 7 | വണ്ടാനം പടിഞ്ഞാറ്റതിൽ ഇ.എം.എസ്.റോഡ് | 46 |

സി) ആലപ്പുഴ ജില്ലയിലെ നിയോജക മണ്ഡലങ്ങൾക്ക് നൽകിയ ഫണ്ടിനെ സംബന്ധിച്ചുള്ള ലിസ്റ്റ് നിയോജക മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ? :

ആലപ്പുഴ ജില്ലയിൽ ഭരണാനുമതി നൽകിയ റോഡുകളുടെ ലിസ്റ്റ് നിയോജക മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു.

| നം | മണ്ഡലം | റോഡുകളുടെ എണ്ണം | ഭരണാനുമതി തുക |
|---|---|---|---|
| 1 | അരൂർ | 15 | 512.35 |
| 2 | ചേർത്തല | 23 | 498.35 |
| 3 | ആലപ്പുഴ | 45 | 1202.35 |
| 4 | അമ്പലപ്പുഴ | 20 | 671.38 |
| 5 | കുട്ടനാട് | 28 | 1222.80 |
| 6 | ഹരിപ്പാട് | 29 | 1211.6 |
| 6 | കായംകുളം | 15 | 477.40 |
| 7 | മാവേലിക്കര | 3 | 47.30 |

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3608 30/01/2014-ൽ മറുപടിയ്ക്ക്**

**കല്യാശ്ശേരി മണ്ഡലത്തിൽ 2013-14 വർഷത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ**

| ചോദ്യം<br>ശ്രീ. റ്റി. വി. രാജേഷ്: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന് കീഴിൽ ഏതൊക്കെ തീരദേശറോഡുകൾ പുനരുദ്ധരിക്കുന്നതിനാണ് 2013-14 വർഷത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത്; | (എ) | 1) ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ കുന്നനങ്ങാട് റെയിലിൻ ചാൽ റോഡ്<br>2) ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ വെള്ളറങ്ങൽ കൊട്ടോളത്ത് റോഡ്<br>3) നബാർഡ് ഫണ്ടിന്റെ സഹായത്തോടെയുള്ള ചെറുതാഴം ഗ്രാമപഞ്ചായത്തിലെ വയലപ്രപരപ്പ് ചെമ്പല്ലിക്കുന്ന് റോഡ്<br>എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് 2013-14 വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങും; വിശദാംശം നൽകുമോ? | (ബി) | 1) ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ കുന്നനങ്ങാട് റെയിലിൻ ചാൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് ദർഘാസുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രവൃത്തി താമസിയാതെ ആരംഭിക്കുന്നതാണ്.<br>2) ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ വെള്ളറങ്ങൽ കൊട്ടോളത്ത് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് ദർഘാസ് നടപടികൾ പൂർത്തിയായിട്ടുണ്ട്. ദർഘാസുകാരന് വർക്ക് ഓർഡർ നൽകുകയും ടിയാൻ കരാറിൽ ഏർപ്പെടുകയും ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br>3) ചെറുതാഴം ഗ്രാമപഞ്ചായത്തിലെ വയലപ്രപരപ്പ് ചെമ്പല്ലിക്കുന്ന് റോഡിന്റെ നിർമ്മാണപ്രവൃത്തിയ്ക്ക് മുൻയോഗ്യതാ നിർണ്ണയ ദർഘാസ് നടപടികൾ പൂർത്തിയായിവരുന്നു. |

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3609 30/01/2014-ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ തീരദേശ റോഡുകൾ**

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | ഉത്തരം<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|

| | | | | | |
|---|---|---|---|---|---|
| എ | തീരദേശ റോഡുകളുടെ പുനഃരുദ്ധാരണത്തിനായി 2011, 2012, 2013 വർഷങ്ങളിൽ എറണാകുളം ജില്ലയിൽ എത്ര റോഡുകൾക്ക് എത്ര രൂപ അനുവദിച്ചുവെന്ന് മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ? | എ | **2011-12**<br>**നിയോജക മണ്ഡലം** | **എണ്ണം** | **ഭരണാനുമതി തുക (ലക്ഷത്തിൽ)** |
| | | | പരവൂർ | 12 | 228.20 |
| | | | വൈപ്പിൻ | 6 | 134.60 |
| | | | കൊച്ചി | 13 | 409.50 |
| | | | തൃപ്പൂണിത്തുറ | 37 | 785.25 |
| | | | കുന്നത്തുനാട് | 1 | 39.00 |
| | | | എറണാകുളം | 7 | 230.00 |
| | | | **ആകെ:** | **76** | **1826.55** |
| | | | **2012-13** | | |
| | | | പരവൂർ | 15 | 361.50 |
| | | | വൈപ്പിൻ | 11 | 270.65 |
| | | | കൊച്ചി | 7 | 267.50 |
| | | | തൃപ്പൂണിത്തുറ | 33 | 805.95 |
| | | | പിറവം | 3 | 92.00 |
| | | | എറണാകുളം | 7 | 328.00 |
| | | | **ആകെ:** | **76** | **2125.60** |
| | | | **2013-14** | | |
| | | | വൈപ്പിൻ | 3 | 97.00 |
| | | | കൊച്ചി | 6 | 302.50 |
| | | | തൃപ്പൂണിത്തുറ | 5 | 199.50 |
| | | | **ആകെ:** | **14** | **599.00** |

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3611** **30/01/2014-ൽ മറുപടിയ്ക്ക്**

## ദേശീയ ജലപാത വികസനത്തിൽ ചീനവല നഷ്ടപ്പെട്ടവർക്ക് സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ്:<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത വീതികൂട്ടി സർവ്വേ ചെയ്തപ്പോൾ എത്ര ലൈസൻസുള്ള ചീനവലകൾ ഒഴിപ്പിക്കപ്പെട്ടു; ഒഴിപ്പിക്കപ്പെട്ട ചീനവലകൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (എ) കൊല്ലം കോട്ടപ്പുറം ദേശീയ ജലപാതയുടെ വികസനത്തിനായി 505 ഊന്നി/ചീന വലകൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഒഴിപ്പിക്കപ്പെട്ട ലൈസൻസുള്ള ഊന്നി/ചീനവല ഉടമകൾക്ക് 2,50,000/- രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്. ലൈസൻസുള്ള വലകൾക്ക് 2,50,000/- രൂപയും ലൈസൻസില്ലാത്ത വലകൾക്ക് 1,25,000/- രൂപയും നഷ്ടപരിഹാരം നൽകി വരുന്നു. ഈ ആവശ്യത്തിനായി 1060 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടുതലായി ആവശ്യമായ തുക (7.6 കോടി രൂപ) വകയിരുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) ഒഴിപ്പിക്കപ്പെട്ട ചീനവലക്കാരുടെ കുടുംബത്തിലെ ഒരാൾക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് തൊഴിൽ നൽകി എന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും പരിഗണനയിലില്ല. |
| (സി) ജീവനോപാധിയായ ചീനവല നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | |

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3612 | 30.01.2014-ൽ മറുപടിയ്ക്ക്

## ക്രമസമാധാന പരിപാലനത്തിൽ സംസ്ഥാനത്തിന്റെ സ്ഥാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.ബെന്നി ബെഹനാൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന പരിപാലനത്തിന് സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) | ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള ഇന്ത്യാ ടുഡേ 2012 വാർഷിക സർവ്വേയിൽ കേരളത്തിന് ക്രമസമാധാനപാലനത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായി ടി മാഗസിനിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വാർത്തയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; | | |
| (സി) | ക്രമസമാധാനപാലനം സംബന്ധിച്ച വിലയിരുത്തൽ ആരാണ് നടത്തിയത്; വിശദമാക്കുമോ; | | |
| (ഡി) | പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡസ്ക്, വനിതാ ഹെൽപ്പ് ഡസ്ക്, ജനമൈത്രി പോലീസ് സംവിധാനം എന്നിവയിലൂടെ സംസ്ഥാന പോലീസിന്റെ മികവുറ്റ പ്രവർത്തനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ പോലീസ് സ്വീകരിക്കുന്ന കർശനമായ നിയമ നടപടികൾ, പൊതുജനങ്ങളുടെ ജീവനും സ്വത്തിനും നിയമ സംരക്ഷണം നൽകുന്നതിനായുള്ള പോലീസിന്റെ നടപടികൾ തുടങ്ങിയ സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ഇത്തരം സർവ്വേകളിൽ കേരളത്തിന് മികച്ച സ്ഥാനം നേടിക്കൊടുത്തത് എന്ന് അനുമാനിക്കുന്നു. |

Meph

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3613 | 30.01.2014-ൽ മറുപടിക്ക്.

## പോലീസ് സ്റ്റേഷനുകളിലെ ഡിജിറ്റൈസേഷൻ സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.സി.പി. മുഹമ്മദ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഡിജിറ്റൈസ്ഡ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | : എ) CIPA (Common Integrated Police Application), iAPS (Internal Administrative Processing System), എന്നീ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ CCTNS (Crime and Criminal Tracking Network System) എന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) CIPA-യിലൂടെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നത് വഴി കുറ്റമറ്റരീതിയിൽ എഫ്.ഐ.ആർ തയ്യാറാക്കുന്നതിന് സാധിക്കുന്നു. പൊതുജനങ്ങൾക്ക് കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനുകളിൽ നിന്നും മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് പരാതി അയയ്ക്കുന്നതിനും പരാതി രജിസ്റ്റർ ചെയ്യുമ്പോൾ ലഭിയ്ക്കുന്ന നമ്പർ ഉപയോഗിച്ച് കേരളാ പോലീസ് വെബ് സൈറ്റ് വഴി പരാതിയുടെ നിജസ്ഥിതി അറിയുവാനും സാധിക്കും. പോലീസ് ഭരണവിഭാഗത്തിലും, പോലീസ് സ്റ്റേഷനുകളിലും ലഭിക്കുന്ന പരാതികളിന്മേലും, മറ്റ് തപാലുകളിന്മേലും യഥാസമയം എന്ത് നടപടിയെടുത്തുവെന്നും അതിന്റെ നിലവിലെ സ്ഥിതി അറിയുന്നതിനും iAPS ലൂടെ സാധിയ്ക്കുന്നു. ഉദ്യോഗസ്ഥർക്ക് അവരവരുടെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ മേൽ നോട്ടം നടത്തി കുറ്റമറ്റതാക്കാൻ ഈ സംവിധാനത്തിലൂടെ സാധിയ്ക്കുന്നു. |
| സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് ഇത് എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | സി) CCTNS നടപ്പാക്കുന്നതുവഴി ഒരു പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിൽ ഉൾപ്പെട്ടിരിക്കുന്ന കുറ്റവാളികളെ കുറിച്ചുമുള്ള വിവരങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും അറിയുവാൻ സാധിക്കുന്നു. കുറ്റകൃത്യങ്ങളുടെ സ്വഭാവം അനുസരിച്ച് എളുപ്പത്തിൽ കുറ്റവാളികളെ കണ്ടെത്തുവാൻ സാധിക്കുന്നു. ഇന്ത്യയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും കുറ്റവാളികളെ കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുവാനും കുറ്റകൃത്യങ്ങൾ തടയുവാനും സാധിക്കുന്നു. |

| | |
|---|---|
| ഡി) എത്ര പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത സംവിധാനം പ്രവർത്തിച്ച് വരുന്നുണ്ട്; | ഡി) കേരളത്തിലെ 486 പോലീസ് സ്റ്റേഷനുകളിൽ CIPA-യുടെയും iAPs – ന്റെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ CCTNS തിരുവനന്തപുരത്ത് പാറശ്ശാല പോലീസ് സ്റ്റേഷനിലും, കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലും, എറണാകുളം സെൻട്രൽ സ്റ്റേഷനിലും, ഇടുക്കിയിലെ കട്ടപ്പന പോലീസ് സ്റ്റേഷനിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ഇ) എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഇ) ക്രമാനുഗതമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3618 — 30.01.2014 ൽ മറുപടിക്ക്

## പോലീസ് വകുപ്പിൽ സേവനാവകാശ നിയമം

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്
'' ഐ.സി. ബാലകൃഷ്ണൻ
'' സി. പി. മുഹമ്മദ്
'' ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) പോലീസ് വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

എ) സേവനാവകാശനിയമം പോലീസ് വകുപ്പിൽ നടപ്പിലാക്കി യിട്ടുണ്ട്.

(ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത നിയമം വഴി ലഭ്യമാകുക ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി)

1. മൈക്ക് ഉപയോഗിക്കുന്നതിനുള്ള അനുവാദം.
2. പ്രൊസഷനുകൾ നടത്തുന്നതിനുള്ള അനുവാദം
3. പാസ്പോർട്ട് അന്വേഷണം
4. പരാതി അന്വേഷണം.
5. പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത്
6. എഫ്.ഐ.ആറിന്റെ പകർപ്പ് നൽകുന്നത്
7. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് നൽകുന്നത്
8. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നത്.
9. ആയുധങ്ങളും സ്ഫോടക വസ്തുക്കളും സംബന്ധിച്ച ലൈസൻസുകൾ നൽകുന്നത്.
10. ജോലി സംബന്ധമായ വെരിഫിക്കേഷൻ.
11. വിദേശികളുടെ രജിസ്ട്രേഷൻ
12. കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ നടപടി ക്രമങ്ങൾ പൂർത്തിയാക്കി വിട്ടുകൊടുക്കുന്നത്.
13. സമൻസുകൾ നൽകുന്നതും വാറണ്ടുകൾ നടപ്പിലാക്കുന്നതും.

14.പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങ ളിൽപ്പെട്ടവർക്കെതിരെയുള്ള അതിക്ര മങ്ങൾ സംബന്ധിച്ച പരാതികളിന്മേ ലുള്ള അന്വേഷണം.

| | | |
|---|---|---|
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | (സി) യും (ഡി) യും | സേവനാവകാശ നിയമം 2012 പ്രകാരം പോലീസ് വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിജ്ഞാപനം സർക്കാർ ഗസറ്റിലും കേരള പോലീസ് വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സേവനാവകാശ നിയമത്തിലെ ചട്ടം 6 പ്രകാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അവ നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും എല്ലാ ജില്ലാ പോലീസ് ഓഫീസുകളുടെയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ചട്ടം പാലിക്കാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാർക്കും കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ഡി) ജനങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് വേണ്ടത്ര പ്രചാരണം നൽകുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3623 30.01.2014 ൽ മറുപടിക്ക്

## ഐ.ആർ.ബി. റഗുലർ, കമാൻഡോ വിഭാഗങ്ങളുടെ വേതന വ്യത്യാസം പരിഹരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) പോലീസ് സേനയിൽ പുതുതായി രൂപം കൊണ്ട ഇന്ത്യൻ റിസർവ്വ് ബറ്റാലിയൻ റഗുലർ വിംഗിനും കമാൻഡോ വിംഗിനും ട്രയിനിംഗിലും സർവ്വീസിലുമുള്ള പ്രധാന വ്യത്യാസം വിശദമാക്കുമോ; | (എ) ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ റെഗുലർ വിംഗ് സേനാംഗങ്ങൾക്ക് 9 മാസത്തെ അടിസ്ഥാന പരിശീലനവും, 9 മാസം ബി.എസ്.എഫ്., സി.ആർ.പി.എഫ്. എന്നിവിടങ്ങളിലെ അറ്റാച്ച്മെന്റ് ട്രെയിനിംഗുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. കമാൻഡോ വിഭാഗത്തിന് 9 മാസത്തെ അടിസ്ഥാന പരിശീലനവും ആർമി, നേവി,എയർഫോഴ്സ്, എൻ.എസ്.ജി., സി.പി.എഫ്.എസ് എന്നിവിടങ്ങളിൽ സ്പെഷ്യൽ കമാൻഡോ പരിശീലനം, ഇൻസർജൻസി ട്രയിനിംഗ് എന്നിവയും നൽകുന്നു. റെഗുലർ വിംഗ് സേനാംഗങ്ങളെ രാജ്യം നേരിടുന്ന തീവ്രവാദ ഭീഷണി, ഭീകരാക്രമണം, വർഗ്ഗീയ സംഘർഷം എന്നിവ നേരിടുന്നതിനും ക്രമസമാധാന പാലനത്തിനുമായി ഉപയോഗിച്ചു വരുന്നു. കമാൻഡോ സേനാംഗങ്ങളെ രാജ്യം നേരിടുന്ന ഭീകരപ്രവർത്തനങ്ങൾ / ആക്രമണ-ങ്ങൾ അമർച്ച ചെയ്യുന്നതിനും ഭീകര പ്രവർത്ത-നങ്ങൾ തടയുക, ബോംബുകൾ നിർവ്വീര്യമാക്കുക, തട്ടിക്കൊണ്ടുപോയി ബന്ദികളാക്കുന്ന |

| | |
|---|---|
| | വരെ മോചിപ്പിക്കുക. റെയ്ഡുകൾ നടത്തി ഭീകരരെ നേരിടുക എന്നീ വളരെ അപകട സാദ്ധ്യതയുള്ള ഡ്യൂട്ടികളാണ് ഐ.ആർ.ബി. കമാൻഡോ വിഭാഗത്തിനായി നിഷ്കർഷിച്ചി-ട്ടുള്ളത്. |
| **ബി)** റഗുലർ, കമാൻഡോ വിഭാഗങ്ങൾ ഒരേ നോട്ടിഫിക്കേഷൻ പ്രകാരം ജോലിയിൽ പ്രവേശിച്ചവരും ഒരേ പോലെ 18 മാസത്തെ ട്രയിനിംഗ് നേടിയവരുമായിട്ടും രണ്ട് തരം അലവൻസുകളും വേതന വ്യത്യാസവും നിലവിലിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭീകര പ്രവർത്തനങ്ങൾ തടയുക, ബോംബുകൾ നിർവ്വീര്യമാക്കുക, തട്ടിക്കൊണ്ടുപോയി ബന്ദികളാക്കുന്നവരെ മോചിപ്പിക്കുക. റെയ്ഡുകൾ നടത്തി ഭീകരരെ നേരിടുക എന്നീ വളരെ അപകട സാദ്ധ്യതയുള്ള ഡ്യൂട്ടികളാണ് ഐ.ആർ.ബി തണ്ടർബോൾട്ട്സ് കമാൻഡോ വിഭാഗത്തിനായി നിഷ്കർഷി-ച്ചിട്ടുള്ളത്. ആയതിനാലാണ് കമാൻഡോ വിങ്ങിന് പ്രത്യേക ആനുകൂല്യങ്ങൾ ബാധകമാ-ക്കിയിട്ടുള്ളത്. |
| **സി)** ഭീകരാക്രമണം, തീവ്രവാദി ഭീഷണി, വർഗ്ഗീയ സംഘർഷം, വി.ഐ.പി. സംരക്ഷണം എന്നിവയ്ക്ക് ഐ.ആർ.ബി. റഗുലർ വിഭാഗക്കാരെ അന്യ സംസ്ഥാനങ്ങളിൽ വിന്യസിക്കുമ്പോൾ കമാൻഡോ വിഭാഗക്കാരെ ഒഴിവാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | **(സി)** ഇല്ല. |

സെക്ഷൻ ഓഫീസർ